www.malankaralibrary.com



# സിനഡ് സ്പെഷ്യൽ പതിപ്പ്



വത്തിക്കാൻ

# തരംഗം

കെസിബിസി മീഡിയ

**സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കാം.**

എല്ലാ തലത്തിലും ശ്രവണവും സംഭാഷണവും ഒരു ജീവിതശൈലിയായി സഭ സ്വീകരിക്കുന്നതിനും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാൻ അനുവദിക്കുന്നതിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ഫ്രാൻസിസ്പാപ്പയുടെ പ്രാർത്ഥനാനിയോഗം** ഒക്ടോബർ 2023

Vol No.33 No.10 October 2023

Rs.5.00

www.malankaralibrary.com



www.malankaralibrary.com

വത്തിക്കാൻ തരംഗം
VATHICAN THARANGAM
Octoberber- 2023
RN. 55 178/94
പുസ്തകം- 33
Monthly
ലക്കം-10

# ഉള്ളടക്കം

- എഡിറ്റോറിയൽ... 4
- സഭയിലെ അല്മായ ... 05
- അല്മായരും സ്ത്രീകളും ... 11
- നവീകരണ വഴികൾ ... 15
- കത്തോലിക്കരുടെ ജനസംഖ്യ ... 22
- ഈശോയാകുന്ന ... 30
- ഹൃദയത്തിലെ മൗനാ... 35
- ഹയരാർക്കി ശതാബ്ദി ... 40
- ഓർമ്മ ആദരം ... 41
- വാർത്തയും ചിന്തയും ... 42

*മുഖ്യരക്ഷാധികാരി*
- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി

*രക്ഷാധികാരികൾ*
- ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ
- ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്

*ചീഫ് എഡിറ്റർ* ◆ ഡോ. എബ്രാഹം ഇരിമ്പിനിക്കൽ
*എഡിറ്റർ* ◆ ആന്റണി ചടയംമുറി

*പത്രാധിപസമിതി*
- ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ ◆ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* ◆ അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* ◆ മനു ആന്റണി

Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656

കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ

www.malankaralibrary.com

EDITORIAL



# പരിശുദ്ധാത്മാവിന്റെ സാന്നിധ്യം, സംസർഗം, നേതൃത്വം: സിനഡിന്റെ പുതുവഴികൾ...

ഫ്രാൻസിസ് മാർപാപ്പ മെത്രാന്മാരുടെ കൂടിച്ചേരൽ മാത്രമായിട്ടല്ല ഈ സിനഡ് വിഭാവനം ചെയ്തത്. 2024 ഒക്ടോബറിൽ വീണ്ടും ഈ സിനഡിന്റെ തുടർ സമ്മേളനം നടക്കുമ്പോൾ ശ്രവിക്കൽ, സഹവർത്തിത്വം, ആത്മീയ വിവേചനം എന്നീ മൂല്യങ്ങളാൽ കൂടുതൽ അലംകൃതമായ ഒരു സഭയായിരിക്കും പൊതു സമൂഹത്തിനു മുമ്പിൽ അനാവരണം ചെയ്യപ്പെടുക.

കത്തോലിക്കാ വിശ്വാസത്തിന്റെ കാതലിന് ക്ഷതമേൽപ്പിക്കാതെ സമകാലിക വെല്ലുവിളികളെ സഭ അതിജീവിക്കാൻ സിനഡ് സഹായകമാകും. ഇക്കഴിഞ്ഞ സിനഡിൽ പോലും പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും മൗനത്തിന്റെയും നിമിഷങ്ങൾ ഉൾക്കൊള്ളുന്നതും സംഭാഷണത്തിന് കൂടുതൽ ഊന്നൽ നൽകുന്നതുമായ ഒരു രീതിശാസ്ത്രം ഉപയോഗിക്കപ്പെട്ടത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് സന്ദർഭമൊരുക്കുന്നതായി മാറി.

മുൻ സിനഡുകളിൽ നിന്ന് വ്യത്യസ്തമായി ഇത്തവണത്തെ സിനഡ് എല്ലാവരെയും ചേർത്തുനിർത്തുന്നതായി. മെത്രാന്മാർ മാത്രമല്ല ഈ സിനഡിലേക്ക് ക്ഷണിക്കപ്പെട്ടത്. സാധാരണക്കാരും സ്ത്രീകളും യുവജനങ്ങളും സമർപ്പിതരുടെ പ്രതിനിധികളും അടങ്ങിയ സഭയുടെ ഒരു നേർക്കാഴ്ച ഈ സിനഡിൽ കാണാൻ കഴിഞ്ഞു. ഒരു പരിവർത്തന രേഖ(Synthesis report) യിൻ മേലുള്ള വോട്ടെടുപ്പ് സിനഡിന്റെ സമാപനത്തിൽ നടന്നുവെങ്കിലും അതൊരു അന്തിമ രേഖയല്ല. അടുത്ത സിനഡിനു മുമ്പുള്ള ഒരു ദിശാസൂചിക മാത്രമാണതെന്ന് സഭാവൃത്തങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഒരർത്ഥത്തിൽ ആത്മാവിലുള്ള സംഭാഷണത്തിന് ഈ സിനഡ് എല്ലാ വിശ്വാസികൾക്കും അവസരമൊരുക്കുന്നുണ്ട്. ശ്രവിക്കലിന് പ്രാധാന്യമേറെയുള്ള നാളുകളാണ് സഭയിൽ ഇനി വരാനിരിക്കുന്നത്. പരിശുദ്ധാത്മാവിന്റെ നായകസ്ഥാനം അംഗീകരിച്ചാൽ സിനഡിന്റെ തീരുമാനങ്ങൾ ദൈവകൃപ തുളുമ്പുന്നതായി മാറും.❍



**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ

www.malankaralibrary.com



SPECIAL REPORT

# സഭയിലെ അൽമായ, വനിതാ പങ്കാളിത്തം സുപ്രധാനം:സിനഡ്

**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി



**വത്തിക്കാൻ സിറ്റി:** കത്തോലിക്കാ സഭയുടെ ഭാഗധേയത്തിൽ സ്ത്രീകളുടെയും അൽമായരുടെയും പങ്ക് നിർണ്ണായകമാണെന്ന നിലപാട് ഊന്നിപ്പറഞ്ഞ് സിനഡ്. സന്യസ്തരേയും, അഭിഷിക്തരേയും പോലെ തന്നെ ദൈവവിളിയുടെ അന്തസ്സിന് തുല്യ അവകാശികളാണ് അൽമായരെന്ന് സിനഡാലിറ്റി പ്രമേയമായി ഒക്ടോബർ 4ന് ആരംഭിച്ച സിനഡ് സമ്മേളനത്തിന്റെ സമാപനത്തോടനുബന്ധിച്ച് 28 ന പ്രസിദ്ധീകരിച്ച സമന്വയ റിപ്പോർട്ടിൽ പറയുന്നു.

ലോകത്തെയും സഭയെയും സംബന്ധിച്ചും അതിന്റെ ആവശ്യങ്ങളെക്കുറിച്ചും നവീന വീക്ഷണമുൾക്കൊള്ളുന്നതാണ് നാലാഴ്ചത്തെ ആഴമായ ചർച്ചകൾക്കു ശേഷം ക്രോഡീകരിച്ച് പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ട്. സ്ത്രീകളുടെയും അൽമായരുടെയും ഭാഗഭാഗിത്വം, മെത്രാന്മാരുടെയും വൈദികരുടെയും ഡീക്കന്മാരുടെയും പ്രേഷിത ദൗത്യം, ദരിദ്രരുടേയും കുടിയേറ്റക്കാരുടേയും പ്രാധാന്യം, ഡിജിറ്റൽ പ്രേഷിതത്വം, എക്യുമെനിസം, മനുഷ്യരുടെ ദുരുപയോഗം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് സമന്വയ രേഖ പ്രതിപാദിക്കുന്നു. കൂടാതെ സ്ത്രീകളും അൽമായരും, ഡയക്കണേറ്റ്, ദൗത്യവും സഭാ പ്രബോധനവും, സമാധാനവും പരിസ്ഥിതിയും, എക്യുമെനിസവും സ്വത്വവും, പുതിയ ഭാഷയും സംവിധാനങ്ങളും, പഴയതും പുതിയതുമായ ദൗത്യങ്ങൾ, ഡിജിറ്റൽ മേഖലകൾ ഉൾപ്പെടെ സർവവും ശ്രവിക്കണം;ഏറ്റവും വിവാദമായ വിഷയങ്ങൾ ഉൾപ്പെടെ എല്ലാം ആഴത്തിൽ പഠിക്കാനുമാകണമെന്ന് രേഖയിൽ പറയുന്നു.

www.malankaralibrary.com



## സംവാദങ്ങൾക്ക് ഇടം വേണം

സമർപ്പിത  ജീവിതത്തിന്റെ വൈവിധ്യവും, സമ്പന്നതയും രേഖ ചൂണ്ടിക്കാട്ടുന്നു.അതിൽ 'സംവാദത്തിന് ഇടമില്ലാത്ത സ്വേച്ഛാധിപത്യ ശൈലി തുടരുന്നതിനെതിരെ' മുന്നറിയിപ്പ് നൽകുന്നുമുണ്ട്. സന്യസ്തജീവിതത്തിലുള്ളവരും സമർപ്പിത പ്രസ്ഥാനങ്ങളിൽ  അംഗങ്ങളായ സ്ത്രീകളും അനുഭവിക്കുന്ന വിവിധ തരത്തിലുള്ള ദുരുപയോഗം അധികാരം പ്രയോഗിക്കുന്നതിലുള്ള ഗുരുതരമായ പ്രശ്നം മൂലമാണെന്ന് വിരൽ ചൂണ്ടി നിർണ്ണായകവും ഉചിതവുമായ ഇടപെടലുകൾ ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു.

നാൽപ്പതു പേജുള്ളതാണ് സമന്വയ രേഖ. പഴയതും പുതിയതുമായ യുദ്ധങ്ങളെപ്പറ്റി സംക്ഷിപ്ത നിരീക്ഷണം ഉൾക്കൊള്ളുന്നുണ്ട് ആമുഖ ഭാഗത്ത്. യുദ്ധങ്ങളുടെ പരിണത ഫലമായുള്ള ദരിദ്രരുടെ നിലവിളിയും നിർബന്ധിത കുടിയേറ്റവും അന്തരീക്ഷ മലിനീകരണവും ഉളവാക്കുന്ന വേദന സിനഡ് പങ്കു വയ്ക്കുന്നു.മാധ്യമങ്ങളിൽ നിന്നു മാത്രമല്ല സിനഡംഗങ്ങളിൽ നിന്നും ഇക്കാര്യങ്ങൾ  ശ്രവിച്ചിരുന്നു എന്നു സൂചിപ്പിച്ചുകൊണ്ട് ഈ വെല്ലുവിളികളോടുൾപ്പെടെ പ്രതികരിക്കാൻ സാർവ്വത്രിക സഭ ശ്രമിച്ചത് രേഖയിൽ വിവരിക്കുന്നു.2024 ൽ നടക്കാനിരിക്കുന്ന  സിനഡിന്റെ രണ്ടാം ഭാഗത്തിൽ ചെയ്യാനുള്ള കാര്യങ്ങളെക്കുറിച്ചും സമന്വയ റിപ്പോർട്ടിൽ സൂചനകളുണ്ട്.

സിനഡാലിറ്റി എന്ന പദത്തിന്റെ പരിചയമില്ലായ്മ വിവിധ തരത്തിൽ തെറ്റിധാരണകൾ കൊണ്ടു വന്നുവെന്ന് റിപ്പോർട്ടിൽ പറയുന്നു. സിനഡൽ, സിനഡാലിറ്റി എന്നിവ ' ഐക്യവും, ദൗത്യവും, പങ്കാളിത്തവും ഒരുമിപ്പിച്ചു കൊണ്ട് സഭ ആയിരിക്കുന്ന വിധത്തെ'ക്കുറിച്ചാണ് സംസാരിക്കുന്നതെന്നും, അവ വൈവിധ്യങ്ങളെ വിലമതിച്ചും എല്ലാവരുടേയും സജീവമായ പങ്കാളിത്തം ഉറപ്പാക്കിയും സഭ ജീവിക്കേണ്ട വഴിയാണ് ചൂണ്ടിക്കാണിക്കുന്നതെന്നും രേഖ എടുത്തു പറയുന്നു. ഒരു സിനഡൽ സഭയ്ക്ക് ഡീക്കന്മാരുടെയും, വൈദികരുടേയും, മെത്രാന്മാരുടെയും സ്വരം ഒഴിച്ചുകൂടാൻ കഴിയാത്തതാണ് .എന്നാൽ എന്തുകൊണ്ടാണ് ഇവരിൽ ചിലർ സിനഡാലിറ്റിയെ എതിർക്കുന്നതെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഒരുമിച്ചു മുന്നേറുന്ന യാഥാർത്ഥ്യങ്ങളാണ് സിനഡാലിറ്റിയും ദൗത്യവും.മറ്റു മത സംസ്കാരങ്ങളുമായുള്ള ഐക്യദാർഢ്യം വഴി സ്വയം സൂചകമായുള്ള  നിലനിൽപ്പും, സ്വത്വ

www.malankaralibrary.com



നാശവും എന്ന രണ്ടു പ്രധാന അപകടങ്ങൾ ഒഴിവാക്കി അതിന് പുതിയ ഒരു അജപാലന രീതി പിന്തുടരാൻ രേഖ നിർദ്ദേശം വയ്ക്കുന്നു. വിശ്വാസികൾക്ക് പ്രാപ്യമായതും സാംസ്കാരിക വൈവിധ്യങ്ങൾ ഉൾക്കൊള്ളുന്നതുമാകണം ആരാധനാക്രമത്തിന്റെ ഭാഷ.

**വേണം പ്രായശ്ചിത്തം**

സഭയിലെ തന്നെ ദുരുപയോഗത്തിനിരയായവരിൽ നിന്നു തുടങ്ങി ആരേയും ഒഴിവാക്കാതെ എല്ലാവരേയും ഉൾക്കൊള്ളാനും ശ്രവിക്കാനും ശ്രമിക്കുന്ന സഭ യാഥാർത്ഥ്യമാകണമെന്ന് സമന്വയ രേഖ പറയുന്നു.അത്തരം ദുരുപയോഗത്തിന്റെ ഇനിയും തുടരുന്ന പ്രവണതകളെയും സംവിധാനങ്ങളെയും അഭിമുഖീകരിക്കേണ്ടതുണ്ട്;മൂർത്തമായ പ്രായശ്ചിത്തത്തിന്റെ അടയാളങ്ങൾ പ്രകടമാകുകയും വേണം.

റിപ്പോർട്ടിൽ വലിയൊരു സ്ഥാനം കൈയടക്കുന്നു ദരിദ്രർ. 'സഭയെ സംബന്ധിച്ചിടത്തോളം, ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ടവരും സാംസ്കാരിക, സാമൂഹിക, രാഷ്ട്രീയ, ദാർശനിക വിഭാഗമാകുന്നതിനുമുമ്പേ ഒരു ദൈവശാസ്ത്രപരമായ വിഭാഗമാണ്.' ഭൗതികമായി ദരിദ്രരായവർ മാത്രമല്ല, കുടിയേറ്റക്കാരും ഈ വിഭാഗത്തിൽ പെടുന്നുവെന്ന് രേഖ ആവർത്തിക്കുന്നു. വിവിധ തരത്തിൽ ചൂഷിതരായി മാറുന്ന തദ്ദേശവാസികൾ, അക്രമത്തിന്റെയും ദുരുപയോഗത്തിന്റെയും (പ്രത്യേകിച്ച് സ്ത്രീകൾ) അല്ലെങ്കിൽ വംശീയതയുടെയും കള്ളക്കടത്തിന്റെയും ഇരകൾ, ആസക്തിയുള്ള ആളുകൾ, ന്യൂനപക്ഷങ്ങൾ, ഉപേക്ഷിക്കപ്പെട്ട പ്രായമായവർ, ചൂഷണം ചെയ്യപ്പെട്ട തൊഴിലാളികൾ, 'ദുർബലരിൽ ഏറ്റവും ദുർബലരായ ഗർഭസ്ഥ ശിശുക്കൾ' അവരുടെ അമ്മമാർ ഒക്കെ ഈ ഗണത്തിൽ വരുന്നുണ്ട്. മാത്രമല്ല യുദ്ധങ്ങളും ഭീകരവാദവും സൃഷ്ടിക്കുന്ന 'പുതിയ ദരിദ്രരുടെ' മുറവിളി ശ്രവിക്കുന്ന സഭ അത്തരം കലഹങ്ങൾക്ക് കാരണമാകുന്ന അഴിമതി നിറഞ്ഞ രാഷ്ട്രീയ, സാമ്പത്തിക സംവിധാനങ്ങളെ രേഖയിലൂടെ അപലപിക്കുന്നു.

അനീതികളെ പരസ്യമായി അപലപിക്കാനും രാഷ്ട്രീയത്തിലും, സംഘടനകളിലും, ട്രേഡ് യൂണിയനുകൾ, ജനകീയ പ്രസ്ഥാനങ്ങൾ എന്നിവയിലും സജീവമായി ഇടപെടാനും കഴിയണം.വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സഹായം എന്നീ മേഖലകളിൽ വിവേചനമില്ലാതെയും ആരെയും ഒഴിവാക്കാതെയുമുള്ള സഭയുടെ സുദൃഢമായ പ്രവർത്തനം അവഗണിക്കരുതെന്നും രേഖ എടുത്തു പറയുന്നു.

www.malankaralibrary.com

**അഭയാർത്ഥി പ്രശ്നം**

കുടിയേറ്റക്കാരിലും അഭയാർത്ഥികളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന സിനഡ് രേഖ. അവരിൽ പലരിലും യുദ്ധവും അക്രമവും കൊണ്ട് വേരോടെ പിഴുതെറിയപ്പെട്ടതിന്റെ മുറിവുകളുണ്ടെന്നും എന്നാൽ അവരെ സ്വാഗതം ചെയ്യുന്ന സമൂഹങ്ങൾക്ക് അഭയാർത്ഥികളും കുടിയേറ്റക്കാരും നവീകരണത്തിന്റെയും സമ്പന്നതയുടെയും ഉറവിടമായി മാറുക മാത്രമല്ല ഭൂമിശാസ്ത്രപരമായി ദൂരത്തുള്ള സഭകളുമായി നേരിട്ട് ബന്ധം സ്ഥാപിക്കാനുള്ള അവസരവും നൽകുന്നുവെന്ന് രേഖ ചൂണ്ടിക്കാണിക്കുന്നു. അവരോടു കാണിക്കുന്ന വർദ്ധിച്ചുവരുന്ന ശത്രുതാപരമായ മനോഭാവത്തെ കുറിച്ചുള്ള ആശങ്കയും സിനഡ് രേഖപ്പെടുത്തിയിട്ടുണ്ട്.

തുറന്ന സ്വാഗത മനോഭാവത്തോടെ ഒരു പുതിയ ജീവിതം കെട്ടിപ്പടുക്കുന്നതിൽ അവരോടൊപ്പം പങ്കുചേരാനും ജനങ്ങൾക്കിടയിൽ ഒരു യഥാർത്ഥ സാംസ്കാരിക ഐക്യം കെട്ടിപ്പടുക്കാനും സിനഡൽ രേഖ ക്ഷണിക്കുന്നു. കുടിയേറ്റക്കാരുടെ ആരാധനാ പാരമ്പര്യങ്ങളോടും മതപരമായ ആചാരങ്ങളോടും ഭാഷയോടും ബഹുമാനം കാണിക്കാൻ സിനഡ് അസംബ്ളി ആവശ്യപ്പെടുന്നു.സുവിശേഷപ്രഘോഷണം കോളനിവൽക്കരണവുമായോ, വംശഹത്യയുമായോ ബന്ധപ്പെട്ട കാണേണ്ടി വരുമ്പോൾ 'മിഷൻ' ഒരു 'വേദനാജനകമായ ചരിത്രത്തിന്റെ ഓർമ്മകളും', ' ഇന്ന് ഐക്യത്തെ തടസ്സപ്പെടുത്തുന്നതുമാണ്'' എന്ന ഖേദവും അടയാളപ്പെടുത്തുന്നു. അങ്ങനെ സുവിശേഷവൽക്കരണത്തിന് വന്ന തെറ്റുകൾ സിനഡ് അംഗീകരിക്കുന്നു;ഈ പ്രശ്നങ്ങളോട് ഒരു പുതിയ സംവേദനക്ഷമത കാണിക്കാൻ പഠിക്കുകയും വേണമെന്നു രേഖയിൽ പറയുന്നു.

**പൗരസ്ത്യ സഭകൾ**

പൗരസ്ത്യ വിഭാഗത്തിലെ പ്രാദേശിക , ലത്തീൻ-അനുഷ്ഠാന സഭകൾ സ്വാംശീകരണ പ്രക്രിയകൾക്ക് വിധേയമാകാതെ സിനഡാലിറ്റിയുടെ പേരിൽ, കുടിയേറിപ്പാർത്ത പൗരസ്ത്യ വിശ്വാസികളെ അവരുടെ സ്വത്വം സംരക്ഷിക്കാനും അവരുടെ നിർദ്ദിഷ്ട പൈതൃകം വളർത്തിയെടുക്കാനും സഹായിക്കണം എന്ന് രേഖ ശുപാർശ ചെയ്യുന്നു.

ഉറച്ച തീരുമാനത്തിലൂടെ വിദ്യാഭ്യാസ മേഖലയിലുള്ള ഇടപെടൽ വഴി സംവാദത്തിന്റെയും കൂടിക്കാഴ്ചയുടേയും സംസ്കാരത്തിലൂടെ വംശീയതയെയും വംശീയ വിദ്വേഷത്തെയും ചെറുക്കാൻ സാധ്യമാകണം. ഇടയ രൂപീകരണത്തിലൂടെ സഭയ്ക്കുള്ളിലും വംശീയ അനീതി സൃഷ്ടിക്കുകയോ നിലനിർത്തുകയോ ചെയ്യുന്ന പ്രവണതകൾ തിരിച്ചറിയേണ്ടതിന്റെ അടിയന്തിര ആവശ്യവും രേഖയിൽ എടുത്തു പറയുന്നുണ്ട്.

വിവിധ ക്രൈസ്തവ വിഭാഗങ്ങൾ തമ്മിലുള്ള സഹകരണങ്ങളിലൂടെ നടക്കുന്ന ഐക്യശ്രമങ്ങൾ വെറുപ്പിന്റെ സംസ്കാരം ലോലമാകാൻ ഉപകരിക്കും. മിശ്രവിവാഹങ്ങൾ പരസ്പര സുവിശേഷവൽക്കരണത്തെ തുണയ്ക്കുമെന്ന നിരീക്ഷണവുമുണ്ട് ക്രൈസ്തവ ഐക്യത്തിന്റെ പാതയെക്കുറിച്ചുള്ള വിവരണത്തിൽ..❍

കെ. സി. ബി. സി. മീഡിയകമ്മീഷൻ

മധുരം സായന്തനം

2023 ഡിസംബർ 15 വെള്ളി 4 മണിക്ക്

www.malankaralibrary.com



# ഉദയംപേരൂർ സൂനഹദോസ് പള്ളിയിൽ

## പുനരുദ്ധരിക്കപ്പെട്ട ചരിത്ര ദേവാലയത്തിന്റെ

# വെഞ്ചിരിപ്പും

## ഇടവക മദ്ധ്യസ്ഥരായ
## വിശുദ്ധ ഗർവാസീസിന്റെയും പ്രോത്താസീസിന്റെയും

# തിരുനാളും

**2023 നവംബർ 9, 10, 11, 12**
**(വ്യാഴം, വെള്ളി, ശനി, ഞായർ)**



*പ്രിയ സഹോദരങ്ങളെ,*

ഉദയംപേരൂർ ചരിത്ര ദേവാലയത്തിന്റെ പുനരുദ്ധാരണം ദൈവാനുഗ്രഹത്താൽ മനോഹരമായി നിർവഹിച്ചിരിക്കുകയാണ്. ഇതിനു വേണ്ടി ആത്മാർത്ഥമായി സഹകരിച്ച ഏവർക്കും നന്ദി പറയുന്നു. വെഞ്ചിരിപ്പ് കർമ്മത്തോടൊപ്പം ഇടവക മദ്ധ്യസ്ഥരുടെ തിരുനാൾ താഴെ കൊടുത്തിരിക്കുന്ന പരിപാടികളോടെ നടത്തുകയാണ്. ഇടവകയിലെ എല്ലാ കുടുംബങ്ങളുമാണ് ഈ വർഷത്തെ തിരുനാൾ ഏറ്റെടുത്ത് നടത്തുന്നത്. **ചരിത്രദേവാലയ വെഞ്ചിരിപ്പിലേക്കും തിരുനാൾ ആഘോഷങ്ങളിലേക്കും** എല്ലാവരേയും സ്നേഹപൂർവം ക്ഷണിക്കുന്നു.

എന്ന്,
സ്നേഹപൂർവം,

**ഫാ. ജോർജ് മാണിക്കത്താൻ** (വികാരി)

**കെ.ജെ. ജോസഫ് കിടങ്ങേത്ത്**
(തിരുനാൾ കമ്മിറ്റി കൺവീനർ)

**പി.വി. തോമസ് പറപ്പിള്ളിൽ &**
**എ.ടി. ജോസഫ് അറയ്ക്കത്താഴത്ത്**
(കൈക്കാരന്മാർ)

**എറണാകുളം– അങ്കമാലി അതിരൂപതയിലെ ഉദയംപേരൂർ സൂനഹദോസ് പള്ളിയോടനുബന്ധിച്ചുള്ള സ്ഥാപിച്ചിട്ടുള്ള മ്യൂസിയം ചരിത്രം പുനർ വായിക്കാൻ ഒരിടമായി മാറുകയാണ്.**

**കേരളത്തിലെ ആദ്യത്തെ ക്രിസ്തീയ രാജകുടുംബമായ വില്ലാർവട്ടം തോമാ രാജാവ് എ.ഡി. 510–ൽ പള്ളി സ്ഥാപിച്ചുവെന്നാണ് വിശ്വസിക്കപ്പെടുന്നത്. ഈ ദേവാലയത്തിൽവച്ചാണ് 1599 ജൂൺ 20 മുതൽ 26 വരെയുള്ള തീയതികളിൽ സൂനഹദോസ് നടന്നത്.**

**പ്രാചീന ലിപിയായ വട്ടെഴുത്തുകൾ ഉള്ള 20 ശിലകളാണ് ഇവിടെ സ്ഥാപിച്ചിട്ടുള്ളത്. പള്ളിയുടെ ചരിത്രമെഴുതിയ താളിയോലകൾ, കരിങ്കല്ലിൽ നിർമ്മിച്ച മാമ്മോദീസാ തൊട്ടി, പുരാതന ശിലാ ലിഖിതങ്ങളുടെ ശേഖരം എന്നിവയും ഇവിടെ കാണാൻ കഴിയും.**

**അബുദാബിയിലെ വ്യവസായിയായ ലൂയിസ് കുര്യാക്കോസ് അറയ്ക്കത്താഴമാണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചതെന്ന് പള്ളിവികാരി ഫാ. ജോർജ് മാണിക്കത്താൻ പറഞ്ഞു.**





**ഫാ. ജോർജ് മാണിക്കത്താൻ**
വികാരി



**P.V. തോമസ്**
കൈക്കാരൻ



**A.T. ജോസഫ്**
കൈക്കാരൻ



**K.J.ജോസഫ്**
കൺവീനർ
തിരുനാൾ



**A.G.വർഗീസ്**
കൺവീനർ
ദേവാലായ
പുനരുദ്ധാരണ




**ബേബി വർഗീസ്**
ജോ. കൺവീനർ
ദേവാലായ
പുനരുദ്ധാരണ

**തിരുക്കർമ്മങ്ങൾ യൂട്യൂബിൽ ലഭ്യമാണ്: https://youtube.com/@SynodalChurchUdayamperoor?si=7yslEndIRXXy3iYR**

www.malankaralibrary.com

# ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക



**ക്ലോഡിന്റെ ജീവിതലക്ഷ്യം**

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.

നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...

**ജീസസ് ആന്റ് മേരി സന്യാസസഭ**

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**

www.malankaralibrary.com



# അൽമായരും സ്ത്രീകളും സമന്വയ രേഖയിൽ



**ഡോ. എഡ്വേർഡ് എടേഴത്ത്**
യു എസ് എ

ജ്ഞാനസ്നാനം സ്വീകരിച്ച സകലരുടേയും അന്തസ്സിന്റെ തുല്യത ശക്തമായി ആവർത്തിച്ച് പറയുന്നു, സംഗ്രഹ രേഖയുടെ രണ്ടാം ഭാഗത്ത്.സന്യസ്തരേയും, അഭിഷിക്തരേയും പോലെ അന്തസ്സിന് തുല്യ അവകാശികളാണ് അൽമായരും. സഭയുടെ വിവിധ തലങ്ങളിലുള്ള പ്രേഷിത ദൗത്യത്തിൽ കൂടുതൽ അൽമായരുടെ പങ്കാളിത്തമുള്ളതും എടുത്തു പറയുന്നു.വ്യത്യസ്ത വ്യക്തി പ്രഭാവങ്ങളെ വിളിക്കുകയും അംഗീകരിക്കുകയും പൂർണ്ണമായി വിലമതിക്കുകയും വേണമെന്നും അവ അവഗണിക്കുകയോ ഉപയോഗശൂന്യമാക്കുകയോ പുരോഹിതവൽക്കരിക്കുകയോ ചെയ്യരുതെന്നും ഓർമ്മിപ്പിക്കുന്നു.വിശ്വാസത്തിന്റെ അധ്യാപകർ, ദൈവശാസ്ത്രജ്ഞർ, ആത്മീയ ആനിമേറ്റർമാർ, കാറ്റെക്കിസ്റ്റുകൾ തുടങ്ങിയവരുടെ സജീവമായ സംഭാവനകൾ ആ നിലകളിലും സഭാഭരണത്തിലും അത്യന്താപേക്ഷിതമാണ്.

സ്ത്രീകളെ അവരുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അനുധാവനം ചെയ്യാനും മനസ്സിലാക്കാനും വളരെ ശക്തമായി സഭയെ സിനഡ് രേഖ ആഹ്വാനം ചെയ്യുന്നു.

www.malankaralibrary.com

സിനഡിൽ സന്നിഹിതരായ നിരവധി സ്ത്രീകൾ പുരോഹിതന്മാരുടെയും, മെത്രാന്മാരുടെയും പ്രവർത്തനത്തിന് അഗാധമായ നന്ദി പ്രകടിപ്പിക്കവേ തന്നെ, മുറിവേൽപ്പിക്കുന്ന ഒരു സഭയെക്കുറിച്ചു സംസാരിച്ചു. പൗരോഹിത്യ മേധാവിത്വം സഭയുടെ മുഖത്തെ ഭയപ്പെടുത്തുകയും അതിന്റെ ഐക്യത്തെ നശിപ്പിക്കുകയും ചെയ്യുന്നതും ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. അതിനാൽ ഫലപ്രദമായ ഘടനാപരമായ മാറ്റത്തിന് അടിത്തറയായി അഗാധ ആത്മീയ പരിവർത്തനം ആവശ്യമാണ് എന്ന് റിപ്പോർട്ടിൽ പറയുന്നു. കീഴ്പ്പെടലും ഒഴിവാക്കലും മത്സരവുമില്ലാതെ പുരുഷന്മാരും സ്ത്രീകളും ഒരുമിച്ച് സംവദിക്കുന്നതിലൂടെ സഭയെ പ്രോത്സാഹിപ്പിക്കാനുള്ള പ്രചോദനമേകുന്ന സിനഡ് രേഖ.




**ഡയക്കോണേറ്റ്?**

സ്ത്രീകൾക്ക് ഡയക്കോണേറ്റ് നൽകുന്നതിനെക്കുറിച്ച് വന്ന വിവിധ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയ റിപ്പോർട്ടിൽ പാപ്പാ പ്രത്യേകം രൂപീകരിച്ച കമ്മീഷനുകളുടെ ഫലങ്ങളും ഇതിനകം നടത്തിയ ദൈവശാസ്ത്രപരവും ചരിത്രപരവും ബാഹ്യവുമായ ഗവേഷണങ്ങളും ഉപയോഗിച്ച് 'ഡയക്കോണേറ്റിലേക്കുള്ള സ്ത്രീകളുടെ പ്രവേശനത്തെക്കുറിച്ചുള്ള ദൈവശാസ്ത്രപരവും അജപാലനപരവുമായ ഗവേഷണം' തുടരാനും 'കഴിയുമെങ്കിൽ ഈ ഗവേഷണത്തിന്റെ ഫലങ്ങൾ സഭയുടെ അടുത്ത സെഷനിൽ അവതരിപ്പിക്കാനും' സിനഡംഗങ്ങൾ ആവശ്യപ്പെട്ട കാര്യം ഉൾപ്പെടുന്നു.

'സ്ത്രീകൾക്ക് തീരുമാനമെടുക്കുന്ന പ്രക്രിയകളിലും ഇടയ പരിപാലനത്തിലും ശുശ്രൂഷയിലും ഉത്തരവാദിത്തത്തോടെ പങ്ക് വഹിക്കാൻ കഴിയും' എന്ന് ഉറപ്പാക്കേണ്ടതിന്റെ അടിയന്തിര സ്വഭാവവും അതിനെ പിന്തുണയ്ക്കുന്ന കാനോൻ നിയമ പരിഷ്കരണവും റിപ്പോർട്ടിൽ ആവശ്യപ്പെടുന്നുണ്ട്. സഭയിൽ ഉൾപ്പെടെ സ്ത്രീകളുടെ നേർക്കുള്ള തൊഴിൽ വിവേചനത്തിന്റെയും അന്യായമായ പ്രതിഫലത്തിന്റെയും കാര്യങ്ങളും ദൈവശാസ്ത്ര വിദ്യാഭ്യാസത്തിലേക്കും പരിശീലന പരിപാടികളിലേക്കും സ്ത്രീകളുടെ പ്രവേശനം വിപുലീകരിക്കേണ്ടതിന്റെ പ്രാധാന്യവും ആരാധനാ ഗ്രന്ഥങ്ങളിലും സഭാ രേഖകളിലും എല്ലാവരേയും ഉൾക്കൊള്ളുന്ന ഭാഷയുടെ പ്രോത്സാഹനം വേണമെന്ന നിർദ്ദേശവും രേഖയിലുണ്ട്.

**മേധാവിത്വമരുത്**

ദൈവജനത്തിന്റെ സേവനത്തിനായി ജീവിതം ചെലവഴിക്കുന്ന അഭിഷിക്തരായ സേവകർക്ക് നന്ദി പറയുന്ന റിപ്പോർട്ടിൽ വൈദികമേധാവിത്വത്തെ 'വൈദിക വിളിയുടെ വൈകൃതം' എന്നാണ് വിശേഷിപ്പിക്കുന്നത്. 'സ്വേച്ഛാധിപത്യ മനോഭാവത്തിലേക്ക് നയിക്കുന്ന ഔപചാരികതയുടെയും പ്രത്യയശാസ്ത്രത്തിന്റെയും അപകടസാധ്യതകൾ ഒഴിവാക്കുന്നതിനും യഥാർത്ഥ ദൈവവിളിയുടെ വളർച്ചയെ തടസ്സപ്പെടുത്താതിരിക്കുന്നതിനും സെമിനാരികളും അവിടത്തെ രൂപീകരണ കോഴ്സുകളും സമൂഹത്തിന്റെ ദൈനംദിന ജീവിതവുമായി ബന്ധിപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ബ്രഹ്മചര്യത്തെക്കുറിച്ച് സിനഡിന്റെ അന്തിമ റിപ്പോർട്ടിൽ അസംബ്ളിയിൽ ലഭിച്ച വിവിധ അഭിപ്രായങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ബഹ്മചര്യത്തിന്റെ മൂല്യം എല്ലാവരും വിലമതിച്ചു;എന്നാൽ വിവിധ അഭിപ്രായ

www.malankaralibrary.com

ങ്ങളിലും ചർച്ചകളിലും കൂടുതൽ ആഴത്തിലുള്ള പഠനമാവശ്യമുണ്ട് എന്ന തീരുമാനമാണ് രേഖയിലുള്ളത്.
രൂപീകരണത്തിൽ ഒരു സിനഡൽ രീതി ആവശ്യപ്പെടുന്നു റിപ്പോർട്ടിന്റെ മൂന്നാം ഭാഗം. സമഗ്രമായ 'സിനഡൽ സമീപനം' ഇക്കാര്യത്തിൽ രൂപീകരിക്കാൻ രേഖ അഭ്യർത്ഥിക്കുന്നു. 'സഭയ്ക്കുള്ളിൽ വിവാദപരമായ കാര്യങ്ങൾ ശ്രദ്ധാപൂർവ്വം പരിഗണിക്കാൻ' പ്രാപ്തമാക്കുന്നതിന് 'മനുഷ്യശാസ്ത്രങ്ങൾ തമ്മിലുള്ള ചർച്ചകൾ' ആഴത്തിലാക്കേണ്ടതിന്റെ പ്രാധാന്യം രേഖ ഊന്നിപ്പറയുന്നു. മറ്റ് പ്രശ്നങ്ങൾക്കൊപ്പം, 'സ്വത്വവും ലൈംഗികതയും, ജീവിതാവസാനം, സങ്കീർണ്ണമായ ദാമ്പത്യ സാഹചര്യങ്ങൾ, കൃത്രിമ ബുദ്ധിയുമായി ബന്ധപ്പെട്ട ധാർമ്മിക പ്രശ്നങ്ങൾ' തുടങ്ങിയവപോലുള്ള വിഷയങ്ങൾ സമൂഹത്തിലും സഭയിലും പുതിയ ചോദ്യങ്ങൾ ഉയർത്തുന്നു. 'വ്യക്തികളെയും സഭയുടെ ശരീരത്തെയും വ്രണപ്പെടുത്തുന്ന ലളിതമായ വിധിന്യായങ്ങൾക്ക് വഴങ്ങാതെ ഈ പ്രതിഫലനത്തിന് ആവശ്യമായ സമയം എടുക്കുകയും അതിൽ നമ്മുടെ ഏറ്റവും മികച്ച ഊർജ്ജം നിക്ഷേപിക്കുകയും ചെയ്യേണ്ടത് പ്രധാനമാണ്"എന്ന് റിപ്പോർട്ടിൽ പറയുന്നു. സഭാ പ്രബോധനങ്ങൾ ഇതിനകം തന്നെ ഈ കാര്യങ്ങളിൽ പലതിലും ദിശാബോധം നൽകുന്നു.പക്ഷേ ഈ പ്രബോധനങ്ങൾ ഇനിയും അജപാലനത്തിലേക്ക് വിവർത്തനം ചെയ്യപ്പെടേണ്ടിയിരിക്കുന്നു എന്നും രേഖ വിരൽ ചൂണ്ടുന്നു.
അതേ ആശങ്കയോടെ, ' വിവാഹത്തിന്റെ അവസ്ഥ, സ്വത്വം അല്ലെങ്കിൽ ലൈംഗികത എന്നിവ കാരണം സഭയിൽ നിന്ന് പാർശ്വവത്കരിക്കപ്പെടുകയോ പുറന്തള്ളപ്പെടുകയോ ചെയ്യുന്ന ആളുകളെ' കേൾക്കാനും അനുധാവനം ചെയ്യുവാനുമുള്ള ക്ഷണം സിനഡ് നവീകരിച്ചു;'സഭയിൽ നിന്ന് വേദന അനുഭവിക്കുകയോ അവഗണിക്കപ്പെടുകയോ ചെയ്യുന്നവരുടെ നേർക്ക്' ആഴത്തിലുള്ള സ്നേഹവും കാരുണ്യവും അനുകമ്പയും പ്രകടിപ്പിച്ചു. 'അവർ സുരക്ഷിതത്വം അനുഭവിക്കാനും, അവരെ കേൾക്കാനും, ബഹുമാനിക്കാനും കഴിയുന്ന ഒരിടം നൽകാൻ ആഗ്രഹിക്കുന്നു'എന്ന് രേഖയിൽ അടയാളപ്പെടുത്തുന്നു.
ഡിജിറ്റൽ പരിതഃസ്ഥിതിയെക്കുറിച്ചും സമന്വയ രേഖ പരാമർശിക്കുന്നു. ആളുകൾ അവരുടെ സെൽ ഫോണുകളിലൂടെയും, ടാബ് ലെറ്റുകളിലൂടെയും പ്രവേശിക്കുന്ന ഇടങ്ങൾ ഉൾപ്പെടെ അർത്ഥവും സ്നേഹവും തേടുന്ന ഇന്നത്തെ സംസ്കാരത്തിലെ എല്ലാ സ്ഥലങ്ങളിലും എത്തിച്ചേരേണ്ട ഉത്തരവാദിത്തം സഭയ്ക്കുണ്ടെന്ന് രേഖ ഓർമ്മിപ്പിക്കുന്നു. ലൈംഗിക ചൂഷണം, ആസക്തി എന്നിവ വഴി ഭീഷണിയും ദോഷവും പരിക്കും ഉണ്ടാക്കുന്നു ഇന്റർനെറ്റിലെ അബദ്ധജഡില വിവരങ്ങൾ. 'ഓൺലൈൻ ഇടം സുരക്ഷിതമാണെന്നും ആത്മീയമായി ജീവൻ നൽകുന്നതുമാണെന്നുറപ്പാക്കി കുടുംബങ്ങളെ എങ്ങനെ പിന്തുണയ്ക്കാൻ കഴിയുമെന്ന് ക്രൈസ്തവ സമൂഹം അടിയന്തിരമായി പരിഗണിക്കേണ്ടതുണ്ട്" –റിപ്പോർട്ടിൽ പറയുന്നു.
സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന വിശുദ്ധബലിയോടെ സിനഡിന്റെ ആദ്യഘട്ടത്തിന് തിരശീല വീണു. ലോകത്തിന്റെ വേദനകൾക്ക് കാതുകൊടുക്കാത്ത ആത്മീയതയെ 'ഫരിസേയ മനോഭാവം' ആയാണ് കുർബാന മദ്ധ്യേ നടത്തിയ സുവിശേഷ സന്ദേശത്തിൽ ഫ്രാൻസിസ് പാപ്പാ ഇകഴ്ത്തിയത്. ആരെയും ഒഴിവാക്കാതെ എല്ലാവരെയും സ്വീകരിക്കുന്ന ഒരു സഭയായി മാറാനുള്ള ആഹ്വാനം സിനഡാലിറ്റിയെക്കുറിച്ചുള്ള സിനഡ് മുന്നോട്ടു വയ്ക്കുന്നുവെന്ന് പാപ്പാ ചൂണ്ടിക്കാട്ടി.ഇതാദ്യമായി വനിതകൾക്കും അൽമായർക്കും വോട്ടവകാശം അനുവദിച്ച സിനഡിൽ 300 മെത്രാന്മാരും 50 വനിതകളും 65 അൽമായരും പങ്കെടുത്തു..❍

www.malankaralibrary.com



www.malankaralibrary.com

SEARCH

NATIONAL CATHOLIC REPORTER

THE INDEPENDENT NEWS SOURCE

TRANSLATE

Free Newsletters
SIGN UP NOW

Menu NEWS / VATICAN / CULTURE / OPINION / SPIRITUALITY / EARTHBEAT / GLOBAL SISTERS REPORT

DONATE RENEW SUBSCRIBE

**SPECIAL REPORT**



THOMAS REESE

Jesuit Fr. Thomas Reese's column for Religion News Service, "Signs of the Times," appears regularly at National Catholic Reporter.

Reese entered the Jesuits in 1962 and was ordained in 1974. He was educated at St. Louis University, the Jesuit School of Theology at Berkeley, and at the University of California Berkeley, where he received a Ph.D. in political science. He worked in Washingto[illegible] a writer and lobb[illegible] for tax reform from 1975 to 1978. [illegible]as an associate [illegible]om 1978 to 1985 [illegible]nter from 1985 to 1998 and 2006 to 2013. During the summers, he works as a visiting scho[illegible]t the Markkula Center for Applied Ethics at Santa Clara University.

While at W[illegible] wrote the trilogy on the organization and [illegible]tics of the church: *A[illegible]ishop: Inside the* [illegible]*ference of Catholic* [illegible]6). He also edited *The Universal Catech[illegible]eader* (1990), [illegible]nalysis of the first draft of the *Catechism of the Catholic Church*, and *Episcopal Conferences: Historical, Canonical and Theological Studies* (1989). He is also author of a NCR e-book, *Caring for Our Common Home: A Readers' Guide and Commentary on Pope Francis' Encyclical on the Environment* (2015).

# നവീകരണ വഴികൾ തുറന്ന് സിനഡാലിറ്റിയുടെ സിനഡ്

**ബാബു കദളിക്കാട്**




വത്തിക്കാൻ:നവീകരണത്തിനു സുപ്രധാന നാഴികക്കല്ലുകൾ പാകിയ സിനഡ് ആണ് ഫ്രാൻസിസ് മാർപ്പാപ്പായുടെ നേതൃത്വത്തിൽ വത്തിക്കാനിൽ സമാപിച്ചതെന്ന് നാഷണൽ കാത്തലിക് റിപ്പോർട്ടറിലെ 'കാലത്തിന്റെ അടയാളങ്ങൾ' എന്ന ശ്രദ്ധേയമായ തന്റെ പംക്തിയിൽ ഫാ.തോമസ് റീസ് എസ്.ജെ. സിനഡ് സംബന്ധിച്ച റിപ്പോർട്ടിംഗിൽ പാശ്ചാത്യ മാധ്യമങ്ങൾ പരിമിതമായ സെൻസിറ്റീവ് വിഷയങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സ്ത്രീകളുടെ അൾത്താരാരോഹണ നിർദ്ദേശം അനുവദിക്കണോ,പുരോഹിതന്മാർക്കു വിവാഹാനുമതി നൽകണോ,സ്വവർഗ ദമ്പതികളെ അംഗീകരിക്കണോ തുടങ്ങിയ ചോദ്യങ്ങൾക്കായി സിനഡാലിറ്റിയെക്കുറിച്ചുള്ള സിനഡിൽ പ്രാമുഖ്യം.അതേസമയം,സിനഡ് ക്രോഡീകരിച്ച 40 പേജുള്ള സമന്വയ റിപ്പോർട്ടിൽ മറഞ്ഞിരിക്കുന്നത് സഭയിൽ കാര്യമായ നവീകരണത്തിന് കാരണമായേക്കാവുന്ന ചില അത്ഭുതകരമായ രത്നങ്ങളാണ്.മാധ്യമങ്ങളിൽ ഈ 15 രത്നങ്ങളെ കുറിച്ച് എഴുതപ്പെട്ടതായി കാണില്ലെങ്കിലും സഭാ നവീകരണത്തിന്റെ സുപ്രധാന നാഴികക്കല്ലുകൾ അടയാളപ്പെടുത്താതെ പോകുന്നത് അനീതിയാകുമെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

അത്മായ പങ്കാളിത്തം ഉയർത്താനുതകുന്ന ബലവത്തായ പുതിയ നിർദ്ദേശമാണ് ഇതിൽ ആദ്യത്തേത്.മറ്റ് ക്രിസ്ത്യൻ സഭകളുമായി താരതമ്യപ്പെടുത്തുമ്പോൾ, കത്തോലിക്കാ സഭയുടെ ഹയരാർക്കിക്കൽ ഭാവം മുന്നിലാണെന്ന കാര്യം അനിഷേധ്യം.എന്നാൽ ഈ സിനഡ്, വട്ടമേശ സംഭാഷണങ്ങളിലൂടെ സ്ത്രീകളും യുവാക്കളുമുൾപ്പെടെയുള്ളവരുടെ സാധാരണ ശബ്ദങ്ങൾ കേൾക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന തരത്തിലാണ്

www.malankaralibrary.com





ക്രമീകരിച്ചത്. 'സ്നാനമേറ്റ എല്ലാവരെയും ഉൾപ്പെടുത്തുക എന്നതാണ് പരിശുദ്ധ പിതാവ് വിഭാവനം ചെയ്ത സിനഡ് പാത.ഇത് യാഥാർത്ഥ്യമാകണമെന്ന് നമ്മൾ തീവ്രമായി ആഗ്രഹിക്കുന്നു, സ്വയം പ്രതിജ്ഞാബദ്ധരാകുന്നു.'– റിപ്പോർട്ടിലെ വാക്കുകൾ.

രണ്ടാമതായി, സിനഡ് 'പരിശുദ്ധാത്മാവിലുള്ള സംഭാഷണം' പ്രോത്സാഹിപ്പിക്കുന്നു. ആത്മാവ് സഭകളോട് എന്താണ് പറയുന്നതെന്ന് മനസ്സിലാക്കാൻ ആധികാരികമായ ശ്രവണം പ്രാപ്തമാക്കുന്ന ഒരു സമ്പ്രദായത്തെയാണ് ഇതു സൂചിപ്പിക്കുന്നത്.ഈ 'സംഭാഷണം'എന്നത് കേവലസംഭാഷണത്തേക്കാൾ വികസ്വരമായ പ്രക്രിയയാണെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ട്.

മൂന്നാമതായി, വിയോജിപ്പുകളും അനിശ്ചിതത്വങ്ങളും അംഗീകരിക്കുന്ന സമന്വയ രേഖ.


www.malankaralibrary.com




മുൻകാലങ്ങളിൽ, അധികാരശ്രേണി അക്കാര്യങ്ങൾ മൂടിവയ്ക്കാൻ ശ്രമിക്കുകയായിരുന്നു പതിവ്.വിശ്വാസികൾക്കും ലോകത്തിനുമായി ഒരു ഐക്യമുന്നണി അവതരിപ്പിച്ചായിരുന്നു അതു ചെയ്തുപോന്നത്.എന്നാൽ ഇക്കുറി സിനഡിന്റെ റിപ്പോർട്ട് അതിന്റെ ആദ്യ പേജിൽ 'ഇടപെടലുകളും ശബ്ദായമാന നിലപാടുകളും' ഉള്ളതായി അംഗീകരിക്കുന്നു. 'പ്രകടിപ്പിക്കുന്ന വീക്ഷണങ്ങളെ എതിർക്കാനുള്ള പ്രലോഭനത്തിന് പെട്ടെന്ന് വഴങ്ങാതെ വ്യത്യസ്ത ആശയങ്ങൾ ശ്രദ്ധിക്കേണ്ടതിന്റെ' സാംഗത്യം ചൂണ്ടിക്കാട്ടുന്നുമുണ്ട്.

സിനഡിൽ ഉയർന്നുവന്ന വിയോജിപ്പുകളും അനിശ്ചിതത്വങ്ങളും 'പരിഗണനയ്ക്കുള്ള വിഷയങ്ങൾ' എന്നതിന് കീഴിൽ തുടർന്നുള്ള ഓരോ അധ്യായത്തിലും, പട്ടികപ്പെടുത്തിയിട്ടുണ്ട്.'അജപാലനപരമായും ദൈവശാസ്ത്രപരമായും കാനോനികമായും നമ്മുടെ

www.malankaralibrary.com



www.malankaralibrary.com

ഗ്രാഹ്യത്തെ ആഴത്തിലാക്കേണ്ടത്' എന്നാണ് 'പരിഗണനയ്ക്കുള്ള വിഷയങ്ങൾ'ക്കു നൽകിയിട്ടുള്ള വിശദീകരണം.

പരിഗണനയ്ക്കുള്ള വിഷയങ്ങളുടെ വിഭജനവും റിപ്പോർട്ട് അംഗീകരിക്കുന്നുവെന്നു രേഖപ്പെടുത്തിയ ശേഷമുള്ള വാക്കുകൾ:'ആരാധനാ ജീവിതത്തിനു പുറമേ ധാർമ്മികവും, സാമൂഹികവും, ദൈവശാസ്ത്രപരവുമായ സുപ്രധാന കാര്യങ്ങളിലെ ധ്രുവീകരണവും അവിശ്വാസവും സഭയെ ബാധിക്കുന്നു.സംവാദങ്ങളിലൂടെ ഓരോന്നിന്റെയും കാരണങ്ങൾ നാം തിരിച്ചറിയുകയും അവയെ മറികടക്കാൻ കൂട്ടായ്മയും അനുരഞ്ജന പ്രക്രിയകളും പുനരുജ്ജീവിപ്പിക്കാനുള്ള ധീരമായ പ്രക്രിയകൾ ഏറ്റെടുക്കുകയും വേണം.'

നാലാമതായി, റിപ്പോർട്ട് സ്ത്രീകളുടെ ആശങ്കകളെ അഭിസംബോധന ചെയ്യുന്നു. 'ലൈംഗിക അതിക്രമങ്ങളും സാമ്പത്തിക അസമത്വവും അവരെ വസ്തുക്കളായി പരിഗണിക്കുന്ന പ്രവണതയും ഇപ്പോഴും അടയാളപ്പെടുത്തുന്ന സമൂഹങ്ങളിൽ സ്ത്രീകൾ നീതിക്കുവേണ്ടി നിലവിളിക്കുന്നു' . 'വാണിഭം, നിർബന്ധിത കുടിയേറ്റം, യുദ്ധം എന്നിവയാൽ സ്ത്രീകളെ മുറിവേൽപ്പിക്കുന്നു. അജപാലന സഹവാസവും സ്ത്രീകൾക്ക് വേണ്ടിയുള്ള ശക്തമായ വാദവും കൈകോർത്ത് പോകണം.'

സ്ത്രീകളെ ഒരു പ്രശ്നമായി കാണുന്നതിലെ തെറ്റ് സഭ ആവർത്തിക്കുന്നത് ഒഴിവാക്കണം. പകരം, ദൈവത്തിന്റെ പദ്ധതിയുടെ ചക്രവാളം കൂടുതൽ ആഴത്തിൽ മനസ്സിലാക്കുന്നതിനായി സ്ത്രീകളും പുരുഷന്മാരും ഒരുമിച്ച് സംവദിക്കുന്ന ഒരു സഭയെ പ്രോത്സാഹിപ്പിക്കാൻ നമ്മൾ ആഗ്രഹിക്കുന്നു;നായക സ്ഥാനത്ത് അനാവശ്യ കീഴ് വഴക്കവും ഒഴിവാക്കലും മത്സരവുമില്ലാതെ ഏകോപിച്ച്.സഭയിൽ 'തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ സ്ത്രീകൾക്ക് പങ്കുചേരാനും അജഗണ പരിപാലനത്തിലും ശുശ്രൂഷയിലും ഉത്തരവാദിത്തമുള്ള റോളുകൾ ഏറ്റെടുക്കാനും കഴിയുമെന്ന് ഉറപ്പാക്കേണ്ടത് അടിയന്തിരമാണ്".

അഞ്ചാമതായി, 'മാന്യമായ ജീവിതം നയിക്കാൻ ആവശ്യമായ സാഹചര്യമില്ലാത്ത' പാവങ്ങളെ സിനഡ് മറന്നില്ല. പകരം അവരുടെ മാന്യതയിൽ ഊന്നി റിപ്പോർട്ട് പറയുന്നു: ദാരിദ്ര്യത്തിൽ കഴിയുന്നവരെ 'അവർ', 'നമ്മൾ' എന്നിങ്ങനെ സഭയുടെ ചാരിറ്റിയുടെ 'വസ്തുക്കൾ' ആയി കാണുന്നത് ഒഴിവാക്കണം. ദാരിദ്ര്യം അനുഭവിക്കുന്നവരെ കേന്ദ്രസ്ഥാനത്തു നിർത്തി അവരിൽ നിന്ന് പഠിക്കുകയെന്നത് സഭ കൂടുതൽ കൂടുതൽ ചെയ്യേണ്ട കാര്യമാണ്.

ആറാമത്, 'കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും എണ്ണം വർദ്ധിക്കുകയും അവരെ സ്വാഗതം ചെയ്യാനുള്ള സന്നദ്ധത കുറയുകയും വിദേശികളെ സംശയത്തോടെ വീക്ഷിക്കുകയും ചെയ്യുന്ന ഒരു ലോകത്തിനെതിരെ' ശക്തമായി പ്രതികരിക്കണ്ടതുണ്ടെന്ന് സിനഡ് പറഞ്ഞു. വംശീയതയെയും അന്യമത വിദ്വേഷത്തെയും ചെറുക്കുന്നതിന് സഭ പരമാവധി യത്നിക്കണം.കൂടാതെ, 'വംശീയ അനീതി സൃഷ്ടിക്കുകയോ പരിപാലിക്കുകയോ ചെയ്യുന്ന സഭയ്ക്കുള്ളിലെ സംവിധാനങ്ങൾ തിരിച്ചറിയുകയും അഭിസംബോധന ചെയ്യുകയും വേണം. വംശീയതയുടെ പാപം ഉന്മൂലനം ചെയ്യാൻ, ഉപദ്രവത്തിനിരയായവരുടെ സഹായത്തോടെ അനുരഞ്ജന പ്രക്രിയകൾ നടത്തണം.'

ഏഴാമതായി, സഭയിലെ മാനുഷിക ദുരുപയോഗത്തിനെതിരെ കർശനവും ഫലപ്രദവുമായ നീക്കം ആവശ്യം.വൈദിക ദുരുപയോഗം സംബന്ധിച്ച ആരോപണങ്ങൾ കൈകാര്യം ചെയ്യാൻ ബിഷപ്പിൽ നിന്ന് വേറിട്ട് ഒരു നൈയാമിക സംവിധാനം രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ സഭ അന്വേഷിക്കണമെന്ന സുപ്രധാന നിർദ്ദേശവുമുണ്ട്.

എട്ടാമതായി, പൗരോഹിത്യ രൂപീകരണം പരിഷ്കരിക്കണമെന്ന് സിനഡിൽ പങ്കെടുത്ത പലരും ആവശ്യപ്പെട്ടു. 'വിശ്വാസികളുടെ സാധാരണ ജീവിതത്തിൽ നിന്ന് വേറിട്ട് ഒരു കൃത്രിമ അന്തരീക്ഷം സൃഷ്ടിക്കുന്നതാകരുത് രൂപീകരണം '–റിപ്പോർട്ട് പറയുന്നു.

www.malankaralibrary.com



'രൂപീകരണ പരിപാടികളുടെ സമഗ്രമായ അവലോകനം നടത്തണം;ഈ രംഗത്ത് സ്ത്രീകളുടെയും കുടുംബങ്ങളുടെയും സംഭാവനകൾ എങ്ങനെ പ്രോത്സാഹിപ്പിക്കാനാകും എന്നാരായണം. മുഴുവൻ ദൈവജനത്തിനും (അത്മായർ, സമർപ്പിതർ, ശുശ്രൂഷകർ) ആയുള്ള സംയുക്ത രൂപീകരണ പരിപാടികൾ സിനഡ് ശുപാർശ ചെയ്തു. 'ആജീവനാന്ത രൂപീകരണത്തിന്റെയും പഠനത്തിന്റെയും ഒരു സംസ്കാരം സൃഷ്ടിക്കപ്പെടണം'.

ഒമ്പതാമതായി, ബിഷപ്പുമാരും വൈദികരും ഡീക്കന്മാരും അവരുടെ രൂപതയിൽ ശുശ്രൂഷ എങ്ങനെ നിർവഹിക്കുന്നു എന്നതിനെ കുറിച്ച് പതിവായി അവലോകനം വേണമെന്ന് സിനഡ് ആവശ്യപ്പെട്ടു. 'ബിഷപ്പിന്റെ അധികാര വിനിയോഗ ശൈലി, രൂപത വക ആസ്തികളുടെ സാമ്പത്തിക ഭരണം, പങ്കാളിത്ത സ്ഥാപനങ്ങളുടെ പ്രവർത്തനം തുടങ്ങിയവയുടെ അവലോകനത്തിലൂടെ ദുരുപയോഗ പ്രവണതകളെ ചെറുക്കാനാകുമെന്ന് റിപ്പോർട്ടിൽ പറയുന്നു.

പത്താമത്, ആരാധനാക്രമ ഭാഷയും ശൈലിയും വിശ്വാസികൾക്ക് കൂടുതൽ പ്രാപ്യമായതാകണം;സംസ്കാരങ്ങളുടെ വൈവിധ്യത്തെ സ്വാംശീകരിക്കുന്നതുമായിരിക്കണം–റിപ്പോർട്ടിൽ പറയുന്നു.ആരാധനക്രമവും സഭാ രേഖകളും പുരുഷന്മാരെയും സ്ത്രീകളെയും തുല്യമായി പരിഗണിക്കുന്ന ഭാഷയുടെ ഉപയോഗത്തിൽ കൂടുതൽ ശ്രദ്ധിക്കണം;കൂടാതെ സ്ത്രീകളുമായി ബന്ധമുള്ള പദങ്ങളും ചിത്രങ്ങളും വിവരണങ്ങളും വേണ്ടത്ര ഉൾപ്പെടുത്തപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും വേണം.

കത്തോലിക്കരല്ലാത്തവർക്ക് ദിവ്യകാരുണ്യം നൽകാനുള്ള സാധ്യത ഉയർത്തുന്ന 'യൂക്കരിസ്റ്റിക് ഹോസ്പിറ്റാലിറ്റി' നിർദ്ദേശമാണ് പതിനൊന്നാമതായി പരാമർശിക്കപ്പെടുന്നത്.സഭാന്തര ഐക്യ പാത സുഗമമാക്കുമെന്ന പ്രതീക്ഷയുണർത്തുന്നുവെങ്കിലും സഭാപരവും ദൈവശാസ്ത്രപരവുമായ ഒരു അജപാലന പ്രശ്നമാണിതെന്ന് റിപ്പോർട്ടിൽ പറയുന്നു.

പന്ത്രണ്ടാമതായി, 'ഡീക്കൺ'എന്നതിന്റെ അർത്ഥത്തിനു പുതിയ വ്യാപ്തി നൽകാൻ ലക്ഷ്യമിടുന്നു സിനഡ് റിപ്പോർട്ട്.നിലവിൽ ഡീക്കനേറ്റ് പ്രധാനമായും പൗരോഹിത്യത്തിലേക്കുള്ള ചവിട്ടുപടിയായാണ് കാണുന്നത്.അതേസമയം, 'ദാരിദ്ര്യത്തിൽ കഴിയുന്നവർക്കും സമൂഹത്തിൽ അവശത അനുഭവിക്കുന്നവർക്കും സേവനം ചെയ്യുന്നതിനുപകരം ഡീക്കൻമാരുടെ ആരാധനാക്രമ ശുശ്രൂഷാ ഊന്നൽ ഏറുന്നതിനെ'റിപ്പോർട്ട് ചോദ്യം ചെയ്യുന്നു. ' രണ്ടാം വത്തിക്കാൻ കൗൺസിൽ മുതൽ ഡീക്കൺ ശുശ്രൂഷ എങ്ങനെ നടപ്പാക്കപ്പെട്ടുവെന്ന് വിലയിരുത്താൻ നാം ശുപാർശ ചെയ്യുന്നു.'

റോമൻ കൂരിയയുടെ നവീകരണം തുടരണമെന്ന നിർദ്ദേശമാണ് പതിമൂന്നാമത്തെ ശ്രദ്ധേയ ഇനം.2022മാർച്ചിൽ പുറത്തിറക്കിയ അപ്പസ്തോലിക് കോൺസ്റ്റിറ്റ്യൂഷൻ ആയ പ്രെഡിക്കേറ്റ് ഇവാഞ്ചെലിയത്തിൽ 'റോമൻ കൂരിയ മാർപ്പാപ്പയ്ക്കും ബിഷപ്പുമാർക്കും ഇടയിൽ നിൽക്കുന്നില്ല, പകരം അത് ഇരു പക്ഷത്തെയും സേവനത്തിന് അനുയോജ്യമായ വിധത്തിൽ പ്രവർത്തിക്കുന്നു' എന്ന ഫ്രാൻസിസ് മാർപാപ്പയുടെ പ്രസ്താവന ഏറ്റവും പ്രസക്തമെന്ന് റിപ്പോർട്ടിൽ പറയുന്നു.

'പ്രാദേശിക സഭകളുടെ ശബ്ദം കൂടുതൽ ശ്രദ്ധയോടെ ശ്രവിക്കാൻ' കൂരിയ മനസ്സിരുത്ത

www.malankaralibrary.com



ണമെന്ന് സിനഡ് ആഹ്വാനം ചെയ്തു, പ്രത്യേകിച്ചും ബിഷപ്പുമാരുടെ റോം സന്ദർശനങ്ങളിൽ.'തുറന്നതും പരസ്പരമുള്ളതുമായ ആശയവിനിമയത്തിനുള്ള സിനഡൽ അവസരമാകണം' ഇത്തരം സന്ദർശനവേളകൾ.മെത്രാന്മാരെ മാത്രമേ റോമൻ കൂരിയയിൽ ഉൾപ്പെടുത്തൂ എന്ന രീതി സൂക്ഷ്മമായി വിലയിരുത്താനും സിനഡ് ആവശ്യപ്പെട്ടു.സാധാരണക്കാർക്ക് വത്തിക്കാനിലെ ഉന്നത സ്ഥാനങ്ങൾ വഹിക്കാനാകണമെന്ന പരോക്ഷ നിർദ്ദേശമാണിത്.

പതിനാലാമത്, കാനോൻ നിയമം പരിഷ്കരിക്കേണ്ടതുണ്ടെന്ന് റിപ്പോർട്ട് പറയുന്നു. എല്ലാ തലങ്ങളിലുമുള്ള സഭയുടെ സിനഡാലിറ്റിക്ക് ഊന്നൽ നൽകുന്നതിനായി 'കാനൻ നിയമസംഹിതയുടെ വിപുലമായ പുനരവലോകനം കാലിക പ്രസക്തമാണ്''. ഉദാഹരണത്തിന്, ഇടവകകളിലും രൂപതകളിലും പാസ്റ്ററൽ കൗൺസിലുകൾ നിർബന്ധമാക്കണം.പതിനഞ്ചാമത്,'ദൈവവചനത്തിനും ദിവ്യബലിക്കും ചുറ്റും അനുദിനം അടുത്ത് ജീവിക്കുന്ന' ചെറിയ ക്രിസ്ത്യൻ സമൂഹങ്ങളെ പ്രോത്സാഹിപ്പിക്കണമെന്ന് സിനഡ് അഭിലഷിക്കുന്നു.ഈ സാമൂഹിക സ്വഭാവമനുസരിച്ചുള്ള ഒരു സിനഡൽ ശൈലി വളർത്തിയെടുക്കണം..❍

www.malankaralibrary.com

STATISTICS



# ആഗോളതലത്തിൽ കത്തോലിക്കരുടെ ജനസംഖ്യ ഉയരുന്നു; വൈദികരും കന്യാസ്ത്രീകളും കുറയുന്നു



**ഫാ. സേവ്യർ പടിയാരംപറമ്പിൽ**
ഓസ്ട്രിയ

**വത്തിക്കാൻ:** ലോകത്ത് കത്തോലിക്കാ വിശ്വാസികളുടെ എണ്ണത്തിൽ ഒരു വർഷം കൊണ്ട് 16.24 ദശലക്ഷത്തിന്റെ വർധനയുണ്ടായെന്ന് റിപ്പോർട്ട്. അതേസമയം വൈദികരുടെയും കന്യാസ്ത്രീകളുടെയും എണ്ണത്തിൽ കുറവു സംഭവിച്ചതായും വത്തിക്കാന് കീഴിലുള്ള ഫീദെസ് വാർത്താ ഏജൻസിയുടെ റിപ്പോർട്ടിൽ പറയുന്നു. ലോകത്ത് 137.5 കോടി കത്തോലിക്കരുണ്ടെന്നാണ് കണക്ക്. യൂറോപ്പിൽ വിശ്വാസികളുടെ എണ്ണത്തിൽ കുറവുണ്ടെങ്കിലും ആഫ്രിക്കയിലും ഏഷ്യയിലും അമേരിക്കയിലും ഗണ്യമായ വർധനവുണ്ടായി.

www.malankaralibrary.com



ഒക്ടോബർ 22 ലെ 97–ാമത് ലോക മിഷൻ സൺഡേ ആചരണത്തോടനു ബന്ധിച്ചാണ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്. 2020 ഡിസംബർ 31 മുതൽ 2021 ഡിസംബർ 31 വരെയുള്ള കണക്കാണിത്.യൂറോപ്പ് ഒഴികെയുള്ള എല്ലാ ഭൂഖണ്ഡ ങ്ങളിലും കത്തോലിക്കരുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തി.അതേസ മയം, ആഗോള ജനസംഖ്യയിലെ കത്തോലിക്കരുടെ ശതമാനം 17.67 ആയി കുറഞ്ഞു. ആഫ്രിക്കയിലാണ് കത്തോലിക്കരുടെ എണ്ണം ഏറ്റവും ഉയർന്നത്, 83 ലക്ഷം വർദ്ധന. അമേരിക്കയിൽ 62 ലക്ഷം, ഏഷ്യയിൽ 14 ലക്ഷം എന്നിങ്ങനെ എണ്ണം കൂടിയപ്പോൾ യൂറോപ്പിൽ 2.44 ലക്ഷം കുറഞ്ഞു.

അതേസമയം ബിഷപ്പുമാരുടെ എണ്ണം 23 കുറഞ്ഞ് 5340 ആയി. ലോകത്തിലെ മൊത്തം വൈദികരുടെ എണ്ണം ഏകദേശം 407,872 ആണ്. 2,347 വൈദികരു ടെ കുറവ് സംഭവിച്ചു.രൂപതാ വൈദികരുടെ എണ്ണത്തിൽ 911 കുറവുണ്ടായപ്പോൾ, സമർപ്പിത പുരോഹിതരുടെ എണ്ണത്തിൽ സംഭവിച്ച കുറവ് 1,400. യൂറോപ്പിൽ 3,632 വൈദികരുടെ എണ്ണത്തിൽ കുറവുണ്ടായപ്പോൾ ആഫ്രിക്കയിൽ 1518, ഏഷ്യയിൽ 719 വീതം വർദ്ധിച്ചു. കന്യാസ്ത്രീകളുടെ എണ്ണത്തിൽ 2020 നെ അപേ ക്ഷിച്ച് 10588 കുറവുണ്ടായി; മൊത്തം എണ്ണം 6,08,958 ആയി. യൂറോപ്പിൽ മാത്രം കന്യാസ്ത്രീകളുടെ എണ്ണത്തിൽ വന്ന കുറവ് 7804. അതേസമയം ആഫ്രിക്കയിലും ഏഷ്യയിലും വർധനവുണ്ട്.

www.malankaralibrary.com



പുരോഹിതരുടെ എണ്ണം കുറയുന്നതിനനുസരിച്ച് വിശ്വാസികളുടെ എണ്ണവുമായുള്ള അനുപാതവും മാറി. ഒരു പുരോഹിതന് ശരാശരി 3,373 കത്തോലിക്കരെന്നായി ആഗോള തലത്തിലെ കണക്ക്. 59 പേരുടെ വർദ്ധനവ്. എന്നിരുന്നാലും, ലോക വ്യാപകമായി പെർമനന്റ് ഡീക്കൻമാരുടെ എണ്ണം 49,176 ആയി വർദ്ധിച്ചു.

സമർപ്പിത വിഭാഗം സ്ത്രീകളുടെ എണ്ണം മൊത്തത്തിൽ കുറഞ്ഞു; കന്യാസ്ത്രീകളുടെ എണ്ണത്തിൽ സംഭവിച്ച കുറവ് 10,588. യൂറോപ്പിലാണ് സമർപ്പിത സ്ത്രീകളുടെ മേഖലയിൽ ഏറ്റവും വലിയ ഇടിവ് രേഖപ്പെടുത്തിയത് – 7,804.

ആഗോള തലത്തിൽ വിദ്യാഭ്യാസ മേഖലയിൽ, കത്തോലിക്കാ സഭ 7.565 ദശലക്ഷം വിദ്യാർത്ഥികളുള്ള 74,368 കിന്റർഗാർട്ടനുകളും കൂടാതെ 34.7 ദശലക്ഷം വിദ്യാർത്ഥികളുള്ള 100,939 പ്രൈമറി സ്കൂളുകളും 19.48 ദശലക്ഷം വിദ്യാർത്ഥികളുള്ള 49,868 സെക്കൻഡറി സ്കൂളുകളും നടത്തുന്നു.

ലോക വ്യാപകമായി സഭ നടത്തുന്ന ചാരിറ്റി, ഹെൽത്ത് കെയർ സെന്ററുകളിൽ 5,405 ആശുപത്രികളാണുള്ളത്; പ്രായമായവർക്കും മാറാരോഗബാധിതർക്കും വൈകല്യമുള്ളവർക്കുമായി 15,276 ആതുര ഭവനങ്ങളും. അനാഥാലയങ്ങളുടെ എണ്ണം 9,703 ൽ അധികമാണ്. ഏഷ്യയിൽ (3,230) ആണിതിൽ കൂടുതലും പ്രവർത്തിക്കുന്നത്. 10,567 ക്രഷെകൾ, 10,604 വിവാഹ കൗൺസിലിംഗ് സെന്ററുകൾ, 3,287 സാമൂഹിക പുനരധിവാസ കേന്ദ്രങ്ങൾ, 35,529 മറ്റ് തരത്തിലുള്ള സ്ഥാപനങ്ങൾ എന്നിവയുമുണ്ട്.

**ക്രിസ്ത്യാനികൾ 238 കോടി**

അതേസമയം, ലോകത്തുടനീളമായുള്ള ക്രിസ്ത്യൻ ജനസംഖ്യ 238 കോടിയിലേറെയാണെന്ന ആധികാരിക റിപ്പോർട്ടും പുറത്തുവന്നു. പ്യൂ റിസർച്ച് സെന്റർ റിപ്പോർട്ട് പ്രകാരം 157 രാജ്യങ്ങളിലും പ്രദേശങ്ങളിലും ഏറ്റവും പ്രചാരമുള്ളത് ക്രി

www.malankaralibrary.com



സ്തുമതത്തിനാണ്.
'ഏറ്റവും വലിയ ആഗോള മതമായ ക്രിസ്തുമതം വെറുമൊരു മതമല്ല; പലർക്കും അതൊരു ജീവിതരീതിയാണ്. അതിന്റെ സ്വാധീനം അഗാധമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, പ്രത്യേകിച്ച് യൂറോപ്പ്, സഹാറാ മേഖലയിലെ ആഫ്രിക്ക, ഓഷ്യാനിയ എന്നിവിടങ്ങളിൽ സംസ്കാരങ്ങളെയും തത്ത്വചിന്തകളെയും രൂപപ്പെടുത്തുന്ന ക്രിസ്തുമതം' എന്ന ആമുഖ നിരീക്ഷണത്തിനു ശേഷമാണ് റിപ്പോർട്ടിലെ വിശകലനം തുടങ്ങുന്നത്.
നാലാം നൂറ്റാണ്ടിൽ ക്രിസ്തുമതത്തെ ദേശീയ മതമായി പ്രഖ്യാപിച്ച എത്യോപ്യയാണ് വിശകലന പട്ടികയിലെ ഏറ്റവും പഴയ ക്രിസ്ത്യൻ രാഷ്ട്രം.
82.95 ദശലക്ഷം ജനസംഖ്യയുള്ളതിൽ 52.07 ദശലക്ഷം എത്യോപ്യക്കാർ ക്രിസ്ത്യാനികളാണ്, 62.8%. എത്യോപ്യ അതിന്റെ ക്രിസ്ത്യൻ ജനസംഖ്യയുടെ കാര്യത്തിൽ മാത്രമല്ല ചരിത്രത്തിൽ അധ്യായമായത്; മനുഷ്യത്വത്തിന്റെ കളിത്തൊട്ടിലായും ഈ രാജ്യം കണക്കാക്കപ്പെടുന്നു.
കൊളോൺ കത്തീഡ്രലിന്റെ ഖ്യാതി പേറുന്ന ക്രിസ്തുമത പൈതൃകം സ്വന്തമായുള്ള ജർമ്മനിയാണ് പട്ടികയിൽ അടുത്തത്. 56.54 ദശലക്ഷം ആണ് ഇവിടത്തെ ക്രിസ്ത്യൻ ജനസംഖ്യ. യൂറോപ്പിലെ മുന്തിയ സാമ്പത്തിക ശക്തിയും വിശുദ്ധ റോമൻ സാമ്രാജ്യത്തിന്റെ മുൻ ഇരിപ്പിടവുമായിരുന്ന ജർമ്മനി ഒരു ഏകീകൃത അസ്തിത്വമായി നിലനിന്നിരുന്ന കാലത്തോളം ക്രിസ്ത്യൻ രാഷ്ട്രമായിരുന്നു.
ആഗോള ക്രിസ്ത്യൻ ജനസംഖ്യയുടെ 2.6 % അണ് ഇന്ന് ജർമ്മനിയിലുള്ളത്. സഭാ ബന്ധത്തിൽ ചില ചരിത്രപരമായ തടസ്സങ്ങൾ വന്നിട്ടും, ജർമ്മനിയുടെ ക്രൈസ്തവ സ്വഭാവം തുടരുന്നു. ജനസംഖ്യയുടെ 68.7% ഔദ്യോഗികമായി ക്രൈസ്തവരാണ്.
ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ – 63.21 ദശലക്ഷം ക്രിസ്ത്യാനികൾ: ആഫ്രിക്കയിലെ രണ്ടാമത്തെ വലിയ രാജ്യമായ ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോയിൽ ജനസംഖ്യയുടെ 95 % ക്രിസ്ത്യാനികളാണ്. രാജ്യത്തെ 63.21 ദശലക്ഷം ക്രിസ്ത്യാനികളിൽ പകുതിയിലധികവും കത്തോലിക്കരാണ്.രാജ്യത്ത് ഏറ്റവുമധികം സ്കൂളുകളും ആശുപത്രികളും നടത്തുന്നത് കത്തോലിക്കാ സഭയാണ്.

**ചൈനയിൽ ക്രിസ്തുമതം വളരുന്നു**

ചൈന – 68.41 ദശലക്ഷം ക്രിസ്ത്യാനികൾ: പ്യൂ റിസർച്ച് സെന്റർ റിപ്പോർട്ട് പ്രകാരം ചൈനയിൽ ക്രിസ്തുമതം വളരുകയാണ്. ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള രാജ്യമായ ചൈനയിൽ ജനസംഖ്യയുടെ പകുതിയിലധികം ഒരു മതവും പിന്തുടരുന്നില്ലെങ്കിലും, അതിശയകരമാംവിധം പട്ടികയിൽ ഇടം നേടി. പുരാതന മതങ്ങളുടെ സമ്പന്ന മുദ്രകൾ ഉണ്ടായിരുന്നിട്ടും, ചൈന ആഗോളതലത്തിൽ ക്രിസ്ത്യൻ ജനസംഖ്യാ വിഹിതത്തിൽ ഏഴാമതാണ്. 68.41 ദശലക്ഷം ക്രി

www.malankaralibrary.com



സ്ത്യാനികൾ; ലോകത്തിലെ ക്രിസ്ത്യൻ ജനസംഖ്യയുടെ 3.1 %.

നൈജീരിയ – 78.05 ദശലക്ഷം: ആഫ്രിക്കയിലെ ഏറ്റവും ജനസംഖ്യയുള്ള രാഷ്ട്രമായ നൈജീരിയയിൽ ഭൂരിപക്ഷം വരും ക്രിസ്ത്യൻ വിഹിതം. 19–ാം നൂറ്റാണ്ടിൽ നൈജീരിയയിലെയും ആഫ്രിക്കയിലെയും ക്രിസ്തുമതത്തിന്റെ ആഗമനം വരച്ചുകാട്ടുന്ന ചിനുവ അച്ചെബെയുടെ വിഖ്യാത നോവൽ, 'ദി സെക്കൻഡ് കമിംഗ്" ഇവിടെ വിശ്വാസം തഴച്ചുവളർന്നതെങ്ങനെയെന്ന് വ്യക്തമാക്കുന്നു.നിലവിൽ, 78.05 ദശലക്ഷം ആളുകൾ അല്ലെങ്കിൽ ജനസംഖ്യയുടെ 49.3% ക്രിസ്ത്യാനികളാണ്. ഇത് ലോകമെമ്പാടുമുള്ള ക്രിസ്ത്യാനികളുടെ എണ്ണത്തിന്റെ 3.6% ആണ്.

ഫിലിപ്പീൻസ് – 86.37 ദശലക്ഷം: 7,000–ത്തിലധികം ദ്വീപുകളുടെ സമൂഹമായ ഫിലിപ്പീൻസ് ഏഷ്യയിലെ ഏറ്റവും വലിയ ക്രിസ്ത്യൻ രാജ്യമാണ്. 86.37 ദശലക്ഷം വരും ക്രൈസ്തവരുടെ എണ്ണം. ലോക ക്രിസ്ത്യൻ ജനസംഖ്യയുടെ 4%. സ്പെയിനിലെ ഫിലിപ്പ് രാജാവിന്റെ പേരിലുള്ള ഫിലിപ്പീൻസ് പതിനഞ്ചാം നൂറ്റാണ്ടിൽ ഒരു സ്പാനിഷ് കോളനിയായി മാറിയതോടെയാണ് ക്രിസ്തുമതം വേരുന്നിയത്. ഇന്ന്, ഫിലിപ്പിനോകളിൽ 92% വും ക്രിസ്ത്യാനികളാണ്. ഭൂരിപക്ഷവും കത്തോലിക്കർ.

റഷ്യ – 107.5 ദശലക്ഷം: വലിയ ഓർത്തഡോക്സ് ക്രിസ്ത്യൻ രാജ്യം. ലോകത്തിലെ ഏറ്റവും വിസ്തൃത രാഷ്ട്രമായ റഷ്യയിലെ ഏകദേശം 143 ദശലക്ഷം നിവാസികളിൽ 73.3% ക്രിസ്ത്യാനികളായി തിരിച്ചറിയപ്പെടുന്നു.രാജ്യത്തെ 107.5 ദശലക്ഷം ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും ഓർത്തഡോക്സ് പാരമ്പര്യം പിന്തുടരുന്നു. ആഗോള ക്രിസ്ത്യൻ ജനസംഖ്യയുടെ 4.8 % വരും റഷ്യയിലേത്.

മെക്സിക്കോ – 107.91 ദശലക്ഷം: പുതിയ ഭൂവിഭാഗങ്ങൾ തേടി നടന്ന അതുല്യ സാ

www.malankaralibrary.com



ഹസികരായ കോൺക്വിസ്റ്റഡോർമാരുടെ കാലഘട്ടത്തിൽ ക്രിസ്തുമതത്തെ പരിചയപ്പെട്ട ചരിത്രമാണ് മെക്സിക്കോയുടേത്. ഈ പഴയ സ്പാനിഷ് കോളനി ഇപ്പോഴും ആഗോള ക്രിസ്ത്യൻ ജനസംഖ്യയ്ക്ക് ഗണ്യമായ സംഭാവന നൽകുന്നു. ലോകത്തിലെ ക്രിസ്ത്യൻ ജനസംഖ്യയുടെ 5% മെക്സിക്കോയിലാണ് താമസിക്കുന്നത്. ഭൂരിഭാഗവും കത്തോലിക്കർ. ആഗോളതലത്തിൽ ക്രിസ്ത്യാനികളുടെ എണ്ണത്തിൽ മെക്സിക്കോ മൂന്നാം സ്ഥാനത്താണ്.

ബ്രസീൽ – 173.3 ദശലക്ഷം:റിയോ ഡി ജനീറോയിലെ യേശു പ്രതിമ ബ്രസീലിന്റെ വിശ്വാസ പ്രതീകമായി വിരാജിക്കുന്നു. പ്യൂ റിസർച്ച് സെന്റർ പറയുന്നതനുസരിച്ച്, ബ്രസീൽ തെക്കേ അമേരിക്കയിലെ ഏറ്റവും വലിയ രാജ്യം മാത്രമല്ല, 173.3 ദശലക്ഷത്തിലധികം അനുയായികളുള്ള ലോകത്തിലെ രണ്ടാമത്തെ വലിയ ക്രിസ്ത്യൻ ഭൂരിപക്ഷ രാജ്യവുമാണ്. ലോകത്തിലെ ഏറ്റവും വലിയ കത്തോലിക്കാ ജനസംഖ്യാ രാജ്യവുമാണു ബ്രസീൽ.പരമ്പരാഗത യൂറോപ്യൻ വേരുകളിൽ നിന്നുള്ള മാറ്റത്തെ പ്രതിനിധീകരിക്കുന്ന ബ്രസീൽ കത്തോലിക്കാ മതത്തിന്റെ ആധുനിക ശക്തികേന്ദ്രമായി പ്രവർത്തിക്കുന്നു. ആഗോള ക്രിസ്ത്യൻ ജനസംഖ്യയുടെ 8% വരുന്ന ബ്രസീലുകാരിൽ 88.9% ക്രിസ്ത്യാനികളാണ്.

**ഏറ്റവും കൂടുതൽ**
ക്രിസ്ത്യാനികൾ യു എസിൽ

യുഎസ്എ – 243.06 ദശലക്ഷം: 50 സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന യുണൈറ്റഡ് സ്റ്റേറ്റ്സ് ഏറ്റവും കൂടുതൽ ക്രിസ്ത്യാനികളുള്ള രാജ്യങ്ങളുടെ പട്ടികയിലുണ്ട്. ലോകമെമ്പാടുമുള്ള ക്രിസ്ത്യാനികളിൽ 11.2% ഇവിടെയാണ്. പല അമേരിക്കൻ സംസ്ഥാനങ്ങളുടെയും അടിസ്ഥാനം വിവിധ ക്രിസ്ത്യൻ വിഭാഗങ്ങൾക്ക് ഒരു സങ്കേതം നൽകുന്നതിൽ വേരൂന്നിയതാണ്. ഉദാഹരണത്തിന്, ഇന്നത്തെ അമിഷ് കമ്മ്യൂണിറ്റികളുടെ പൂർവ്വികരായ അനാബാപ്റ്റിസ്റ്റുകളെപ്പോലെ, പീഡനം നേരിടുന്ന മതവിഭാഗങ്ങൾക്ക് ഒരു അഭയകേന്ദ്രമായി രൂപകൽപ്പന ചെയ്തതാണ് പെൻസിൽവാനിയ. നിർബന്ധിതമായി നാടു വിട്ടുപോന്ന ബ്രിട്ടീഷ് കത്തോലിക്കരുടെ ലക്ഷ്യസ്ഥാനമായി മാറി മേരിലാൻഡ്. അതേസമയം കിഴക്കൻ കടൽത്തീരമാകട്ടെ, കത്തോലിക്കാ യൂറോപ്പിൽ നിന്ന് പലായനം ചെയ്ത പ്യൂരിറ്റൻ പ്രൊട്ടസ്റ്റന്റുകളുടെ അഭയസ്ഥലമായി. ഇന്ന്, 78.3% അമേരിക്കക്കാരും ക്രിസ്ത്യാനികളാണ്.അതേസമയം, 19–ആം നൂറ്റാണ്ടിലേക്കാൾ 19.5% ഇടിവ് സംഭവിച്ചു. എന്നിരുന്നാലും, 310 ദശലക്ഷത്തിലധികം വരുന്ന യുഎസിലെ മൊത്തം ജനസംഖ്യ കണക്കിലെടുക്കുമ്പോൾ, 243.06 ദശലക്ഷം ക്രിസ്ത്യാനികളെന്നത് നിർണായകം.

www.malankaralibrary.com



**വളർച്ചയും തകർച്ചയും**

പ്യൂ റിസർച്ച് സെന്റർ നടത്തിയ പഠനമനുസരിച്ച്, ആഗോള ക്രിസ്ത്യൻ ജനസംഖ്യ പ്രാദേശിക ഭേദങ്ങളനുസരിച്ച് വളർച്ചയും തകർച്ചയും അനുഭവിക്കുന്നു. ആഫ്രിക്കയിലും ഏഷ്യയിലും വളർച്ചയാണെന്ന നിരീക്ഷണമാണുള്ളത്.

സെന്റർ ഫോർ ദി സ്റ്റഡി ഓഫ് ഗ്ലോബൽ ക്രിസ്ത്യാനിറ്റിയുടെ അഭിപ്രായത്തിൽ, ആഫ്രിക്കയിലെ ക്രിസ്ത്യൻ ജനസംഖ്യ കുതിച്ചുചാട്ടത്തിലാണ്. നൈജീരിയ, ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ തുടങ്ങിയ രാജ്യങ്ങളാണ് ഈ വളർച്ചയ്ക്ക് മികച്ച സംഭാവന നൽകുന്നത്. അതേസമയം, ക്രൈസ്തവ പാരമ്പര്യം അത്ര പഴയതല്ലെങ്കിലും കമ്മ്യൂണിസ്റ്റ് ഭരണത്തിലും ഫിലിപ്പീൻസ്, ചൈന തുടങ്ങിയ രാജ്യങ്ങളിലെ ക്രിസ്ത്യൻ ജനസംഖ്യയിൽ വർദ്ധനവ് തുടരുന്നു.

അതേസമയം, പരമ്പരാഗത ക്രിസ്ത്യൻ കോട്ടകളായ ജർമ്മനിയിലും മറ്റ് യൂറോപ്യൻ രാജ്യങ്ങളിലും മതേതരവൽക്കരണം കാരണം ക്രിസ്ത്യൻ ജനസംഖ്യയിൽ ഇടിവ് സംഭവിക്കുന്നു. യൂറോപ്യൻ യൂണിയന്റെ സ്ഥിതിവിവരക്കണക്കുകൾ ക്രോഡീകരിച്ച് അവലോകനം ചെയ്തുവരുന്ന യൂറോസ്റ്റാറ്റ് ഇക്കാര്യം ചൂണ്ടിക്കാണിക്കുന്നുണ്ട്. പബ്ലിക് റിലീജിയൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അഭിപ്രായത്തിൽ യുണൈറ്റഡ് സ്റ്റേറ്റ്സിലും ഇടിവ് കാണുന്നു, പ്രത്യേകിച്ച് 'നോൺസ്' (മതപരമായ ബന്ധമില്ലാത്ത) എന്ന് കൂടുതലായി തിരിച്ചറിയുന്ന യുവതലമുറകൾക്കിടയിൽ.

**'മൈഗ്രേഷൻ പാറ്റേൺ'**

കുടിയേറ്റം വർദ്ധിക്കുന്ന വേളയിൽ ആഗോളതലത്തിൽ ക്രിസ്ത്യൻ ഭൂപ്രകൃതിയെ 'മൈഗ്രേഷൻ പാറ്റേണ'കൾ കാര്യമായി സ്വാധീനിക്കുന്നതായി ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ മൈഗ്രേഷൻ ചൂണ്ടിക്കാണിക്കുന്നു.യു.എസ്. സെൻസസ് ബ്യൂറോയുടെ കണക്കനുസരിച്ച്, ക്രിസ്ത്യൻ മതവിശ്വാസികളായ ലാറ്റിനമേരിക്കൻ കുടിയേറ്റക്കാരുടെ കുത്തൊഴുക്ക് യുണൈറ്റഡ് സ്റ്റേറ്റ്സിലെ മതപരമായ ഭൂപ്രകൃതിയെ പുനർനിർമ്മിക്കുന്നു. കാനഡയുടെ സ്ഥിതിവിവരക്കണക്ക് പ്രകാരം, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കുടിയേറ്റം കാരണം കാനഡയിലെ ക്രിസ്ത്യൻ ജനസംഖ്യയും കൂടുതൽ വൈവിധ്യമാർന്നതായി മാറുന്നു.

യൂറോസ്റ്റാറ്റ് പറയുന്നത്, ആഫ്രിക്കയിൽ നിന്നും ഏഷ്യയിൽ നിന്നുമുള്ള കുടിയേറ്റം കാരണം യൂറോപ്പിലെ ക്രിസ്ത്യൻ ജനസംഖ്യയിൽ വർദ്ധനവ് കാണുന്നുണ്ടെന്നാണ്. ക്രിസ്ത്യൻ ജനസംഖ്യ കൂടുതൽ വൈവിധ്യമാർന്നുകൊണ്ടിരിക്കുന്ന

www.malankaralibrary.com

ജർമ്മനി പോലുള്ള രാജ്യങ്ങളിലെ മതപരമായ ജനസംഖ്യാശാസ്ത്രത്തെ ഈ കുടിയേറ്റം മാറ്റിമറിക്കുന്നു. ക്രിസ്ത്യൻ വിഭാഗങ്ങൾക്കിടയിലെ ജനസംഖ്യാ അനുപാതവും അതിന്റെ ഫലമായി തിരുത്തേണ്ടിവരുന്നു.

**ആഗോള സ്വാധീനം**

പ്യൂ റിസർച്ച് സെന്റർ പറയുന്നതനുസരിച്ച്, ഗർഭച്ഛിദ്രം മുതൽ കുടിയേറ്റം വരെയുള്ള വിഷയങ്ങളിൽ അമേരിക്കൻ രാഷ്ട്രീയത്തിൽ ക്രിസ്തുമതം നയങ്ങളെ ഗണ്യമായി സ്വാധീനിക്കുന്നു.യൂറോപ്യൻ യൂണിയനിൽ നയങ്ങൾ രൂപപ്പെടുത്തുന്നതിൽ ക്രിസ്ത്യൻ ഡെമോക്രാറ്റിക് പാർട്ടികൾക്കുള്ള സ്വാധീനവും പ്രകടം.
ആഫ്രിക്കൻ സ്റ്റഡീസ് റിവ്യൂ പ്രകാരം നൈജീരിയ, ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ തുടങ്ങിയ രാജ്യങ്ങളിലെ രാഷ്ട്രീയത്തിൽ ക്രിസ്തുമതത്തിന് കാര്യമായ സ്വാധീനമുണ്ട്. ലാറ്റിൻ അമേരിക്കൻ സ്റ്റഡീസ് അസോസിയേഷനും സമാന അഭിപ്രായമാണുള്ളത്: ബ്രസീലും മെക്സിക്കോയും പോലുള്ള രാജ്യങ്ങളിലെ ക്രിസ്ത്യൻ ഗ്രൂപ്പുകൾ രാഷ്ട്രീയത്തിൽ നിർണ്ണായകമായി ഇടപെടുന്നു, വിവിധ സാമൂഹിക പ്രശ്നങ്ങളുടെ പരിഹാരത്തിനായി വാദിക്കുന്നു.
അമേരിക്കയിലായാലും യൂറോപ്പിലായാലും ആഫ്രിക്കയിലായാലും ഏഷ്യയിലായാലും ക്രിസ്ത്യൻ വിശ്വാസം ഒരു പ്രധാന മതശക്തിയായി തുടരുന്നുവെന്ന ആത്യന്തിക നിരീക്ഷണവുമായി പ്യൂ റിസർച്ച് സെന്റർ തയ്യാറാക്കിയ റിപ്പോർട്ടുമായി ബന്ധപ്പെട്ട ചില ചോദ്യങ്ങളും ഉത്തരങ്ങളും:

**ഈ ചോദ്യങ്ങളും ഉത്തരങ്ങളും**
**ശ്രദ്ധിക്കു**

**ക്രിസ്ത്യൻ ജനസംഖ്യ എങ്ങനെയാണ് കണക്കാക്കുന്നത്?**
ക്രിസ്ത്യൻ ജനസംഖ്യ സാധാരണയായി ദേശീയ സെൻസസ്, സർവേകൾ എന്നിവയുടെ അടിസ്ഥാനത്തിൽ മതപരമായ ജനസംഖ്യാശാസ്ത്രത്തിൽ വൈദഗ്ധ്യമുള്ള പ്രശസ്ത ഗവേഷണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് കണക്കാക്കുന്നത്.
**മധ്യ പൂർവ ദേശത്ത് ക്രിസ്ത്യൻ ഭൂരിപക്ഷ രാജ്യങ്ങൾ ഉണ്ടോ?**
ലെബനനിൽ ഗണ്യമായ ക്രിസ്ത്യൻ ജനസംഖ്യയുണ്ട്, പക്ഷേ അത് ഭൂരിപക്ഷമല്ല. ഈ മേഖലയിലെ മിക്ക രാജ്യങ്ങളിലും മുസ്ലീങ്ങളാണ് ബഹുഭൂരിപക്ഷം.
**ലോകമെമ്പാടും ക്രിസ്തുമതം എത്ര വേഗത്തിലാണ് വളരുന്നത്?**
പ്യൂ റിസർച്ച് പ്രകാരം, ക്രിസ്തുമതം വളരുന്നുണ്ട്. എന്നാൽ ഇസ്ലാം പോലുള്ള മറ്റ് മതങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ മന്ദഗതിയിലാണ്. ആഫ്രിക്ക പോലുള്ള പ്രദേശങ്ങളിലെ വളർച്ച പ്രാധാന്യമർഹിക്കുന്നു.
യൂറോപ്പിലെ പ്രാഥമിക ക്രിസ്ത്യൻ വിഭാഗമേത്?
ഇറ്റലി, സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിൽ കത്തോലിക്കാ മതം ശക്തമാണ്. അതേസമയം യുകെ, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽ പ്രൊട്ടസ്റ്റന്റ് മതമാണ് ഏറെ വ്യാപകം. കിഴക്കൻ യൂറോപ്പിൽ പ്രബലമായുള്ളത് കിഴക്കൻ ഓർത്തഡോക്സ് സഭ .❍

www.malankaralibrary.com



# ഈശോയാകുന്ന മുദ്ര: വഹിക്കുക ഫ്രാൻസീസ് പാപ്പ

**ഡോ. ലോറൻസ് തൈക്കാട്ടിൽ**



ജീവിതകാലം മുഴുവനും ദൈവത്തെ സ്നേഹിക്കുവാനും ശുശ്രൂഷിക്കാനും കടപ്പെട്ടിരിക്കുന്ന ഒരു ക്രിസ്ത്യാനി അതുപോലെ തന്നെ മറ്റെല്ലാവരേയും രാഷ്ട്രത്തേയും സ്നേഹിക്കാനും ശുശ്രൂഷിക്കാനും കടമകൾ നിർവ്വഹിക്കാനും ഉത്തരവാദിത്വം ഉള്ളവൻ ആണെന്ന് വ്യംഗ്യമായി പഠിപ്പിച്ചു കൊണ്ട് വി.മത്തായിയുടെ സുവിശേഷം ഇരുപത്തിരണ്ടാം അദ്ധ്യായം പതിനഞ്ചു മുതൽ ഇരുപത്തൊന്നു വരെയുള്ള വചനങ്ങൾ 2023 ഒക്ടോബർ 22 ന് ഫ്രാൻസീസ് പാപ്പ വ്യാഖ്യാനിച്ചു പഠിപ്പിച്ചു.

മെത്രാന്മാരുടെ സിനഡിന്റെ പതിനാറാം സാധാരണ പൊതു സമ്മേളനത്തിന്റെ ഇടയിലുള്ള ഞായറാഴ്ച ദിവ്യബലിയിലാണ് ഈശോയുടെ രാഷ്ട്ര നിർമ്മാണ നിഷ്കർഷയിലുള്ള ഉന്നതമായ വീക്ഷണം അവതരിപ്പിച്ചു കൊണ്ടുള്ള പ്രബോധനം പാപ്പാ നൽകിയത്.

ഈശോയെ വാക്കിൽ കുടുക്കുക എന്ന ലക്ഷ്യത്തോടെ സീസറിന് നികുതി കൊടുക്കുന്നത് ദൈവഹിത ജീവിതത്തിന് യോജിക്കുന്നതാണോ എന്നു ചോദിച്ച ഫരിസേയരോട് സീസറിന് ഉള്ളത് സീസറിനും ദൈവത്തിന് ഉള്ളത് ദൈവത്തിനും കൊടുക്കുകയെന്ന യുക്തിസഹമായ മറുപടി നൽകിയാണ് ഈശോ അവരുടെ വായടക്കുന്നത്.

**വഞ്ചനക്ക് വഞ്ചന കൂട്ട്**

വി.കുർബ്ബാനയിൽ വായിച്ച വി. വി.മത്തായിയുടെ സുവിശേഷം ഇരുപത്തിരണ്ടാം അദ്ധ്യായം പതിനഞ്ചു മുതൽ ഇരുപത്തൊന്നു വരെയുള്ള സുവിശേഷ ഭാഗത്ത് നാം കാണുന്ന ഒരു വ്യതിരിക്തമായ കാര്യം ഈശോയിൽ കുറ്റമാരോപിക്കാൻ വേണ്ടി ഫരീസേയർ ഹേറോദേസ് പക്ഷക്കാരോട് കൂട്ടുകൂടുന്നു എന്നതാണ്.

ഈശോയെ നിഷ്പ്രഭനാക്കാനും കുടുക്കാനുമായി എപ്പോഴും ശ്രമിച്ചു കൊണ്ടിരുന്ന ഇക്കൂ

www.malankaralibrary.com

ട്ടർ ഈശോയോട് സീസറിന് കപ്പം കൊടുക്കുന്നത് ശരിയാണോ അല്ലയോ എന്ന് ചോദിക്കുന്നു. ബാഹ്യമായി വളരെ നിഷ്കളങ്കമാണെന്ന് തോന്നിയാലും ഈ ചോദ്യം ഒരു കൊടുംചതിയുടെ ഉൾകുപ്പായമണിഞ്ഞുള്ളതാണ്. നികുതി കൊടുക്കണമെന്ന് ഈശോ പറഞ്ഞാൽ ജനപ്രീതി ഇല്ലാത്ത ഒരു രാഷ്ട്രീയ ശക്തിയുടെ പക്ഷത്താണ് ഈശോ എന്ന് പറയാം. മറിച്ച് നികുതി നൽകുന്നതിന് മുടക്കം പറഞ്ഞാൽ ഈശോയുടെ മേൽ വളരെ എളുപ്പമായി രാജ്യദ്രോഹ കുറ്റം ആരോപിക്കാം. ഇവരുടെ ചതി നിറഞ്ഞ കെണി വളരെ ആയാസ രഹിതമായി തന്റെ ദൈവികത നിറഞ്ഞ മറുപടി കൊണ്ട് ഈശോ തോൽപിക്കുന്നു. നാണയത്തിൽ സീസറിന്റെ രൂപം പതിച്ചിട്ടുള്ളതു കൊണ്ട് സീസറിനുള്ളത് സീസറിനു നൽകണമെന്നും ദൈവത്തിനുള്ളത് ദൈവത്തിനു നൽകണമെന്നുമാണ് ഈശോ പറയുന്നത്.

**സീസറിനുള്ളത് സീസറിനും**

**ദൈവത്തിനുള്ളത് ദൈവത്തിനും**

ഈശോയുടെ ഈ വാക്കുകൾ ഒരു പൊതു പ്രയോഗമായി ഇപ്പോൾ മാറിയിട്ടുണ്ട്. എന്നാൽ ചിലപ്പോൾ അത് സഭയും രാഷ്ട്രവും തമ്മിലും; ക്രൈസ്തവരും രാഷ്ട്രീയവും തമ്മിലും ഉള്ള ബന്ധത്തെ കുറിച്ച് പരാമർശിക്കുന്നതിന് പ്രമാദപരമായി ഉപയോഗിക്കുന്നു.

സീസറിനേയും ദൈവത്തേയും അതായത് ഭൗമികവും ആത്മീയവും ആയ യാഥാർത്ഥ്യങ്ങളെ തമ്മിൽ വേർതിരിക്കാൻ അവ പലപ്പോഴും കണക്കാക്കപ്പെടുന്നു എന്നാണ് പാപ്പ പറയുന്നത്.

ചിലപ്പോൾ നാമും ഇതു പോലെ ചിന്തിക്കും: വിശ്വാസവും അതിന്റെ ആചാരങ്ങളും ഒരു കാര്യം; ദൈനംദിന ജീവിതം മറ്റൊന്ന്. ഈ കാഴ്ചപ്പാട് ശരിയല്ല.

പാപ്പ പഠിപ്പിക്കുന്നത് ഇത്തരം കാഴ്ചപ്പാട് വികാരങ്ങളും ചിന്തകളുമായി പൊരുത്തമില്ലാത്ത ഒരു അവസ്ഥ സംജാതമാക്കുന്നതായ 'സ്കിസോഫ്രീനിയ' എന്ന മാനസിക രോഗമാണ് എന്നാണ്.

വിശ്വാസത്തിന് സമൂർത്ത ജീവിതവുമായും സമൂഹത്തിന്റെ വെല്ലുവിളികളുമായും സാമൂഹ്യനീതിയുമായും രാഷ്ട്രീയവുമായും മറ്റും യാതൊരു ബന്ധവുമില്ല എന്നതുപോലെയാണ് അത്.

പാപ്പ പറയുന്നത് ഇതിനേക്കാളും ഉപരിയായി മനുഷ്യൻ ദൈവത്തിന് സ്വന്തമെന്ന തികഞ്ഞ ആത്മീയ ഉൽകർഷതയിലൂന്നിയ സത്യമാണ് എന്നാണ്.

**മനുഷ്യൻ ദൈവത്തിനു സ്വന്തം**

പാപ്പ നൽകുന്ന പ്രബോധനം സീസറിനേയും ദൈവത്തേയും അതതിന്റെ പ്രാധാന്യമനുസരിച്ച് കാണാൻ നമ്മെ ഈശോ സഹായിക്കുന്നു എന്നാണ്.

ഭൗമിക ക്രമത്തിന്റെ പരിപാലനം സീസറിനാണ്. മറ്റു വാക്കിൽ പറഞ്ഞാൽ അത് രാഷ്ട്രീയത്തിന് പൗര സ്ഥാപനങ്ങൾക്ക്, സാമൂഹിക സാമ്പത്തിക പ്രക്രിയകൾക്ക് ഉള്ളത് ആണ്. ഈ യാഥാർത്ഥ്യത്തിൽ ആമഗ്നരായിരിക്കുന്ന നാം ഉത്തരവാദിത്വമുള്ള പൗരന്മാർ എന്ന നിലയിൽ നമുക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തിക്കൊണ്ടും തൊഴിൽ ലോകത്ത് നീതിയും നിയമവും പ്രോത്സാഹിപ്പിച്ച് സത്യസന്ധമായി നികുതി അടച്ച് പൊതു നന്മക്കായി പ്രവർത്തിച്ചും നമുക്ക് ലഭിച്ചവ നാം സമൂഹത്തിന് പ്രതിസമ്മാനിക്കണം എന്നാണ് പാപ്പ പഠിപ്പിക്കുന്നത്.

ഫ്രാൻസീസ് പാപ്പ തുടരുന്നു: ഓരോ മനുഷ്യനും ദൈവത്തിനുള്ളതാണ്. അതായത് നാം ഒരു ഭൗമിക യാഥാർത്ഥ്യത്തിനും മാറി മാറി വരുന്ന ഒരു 'സീസറിനും' അവകാശപ്പെട്ടവർ അല്ല. നാം കർത്താവിന്റേതാണ്, നമ്മൾ ഒരു ലൗകികശക്തികളുടേയും അടിമകളാകരുത്. നാണയത്തിൻ ചക്രവർത്തിയുടെ രൂപമുണ്ടാകും എന്നാൽ നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ രൂപം പതിഞ്ഞ് ഇരിക്കുന്നു. ആർക്കും അത് മറയ്ക്കാൻ കഴിയില്ല. ഈ ലോക വസ്തുക്കൾ സീസറിന്റേതാകാം എന്നാൽ മനുഷ്യനും ഈ പ്രപഞ്ചം

www.malankaralibrary.com

# സെന്റ് ജൂഡ് തദ്ദേവൂസ് ചർച്ച്, എട്ടേക്കർ




## തിരുക്കർമ്മ സമയങ്ങൾ

എല്ലാ വ്യാഴാഴ്ചയും
6:00 AM- നൊവേന
6:30 AM ദിവ്യബലി
7:00 AM നൊവേന
7:30 AM ദിവ്യബലി , നൊവേന , ആരാധന
9:30 AM നൊവേന
10:45 AM ദിവ്യബലി , നൊവേന , ആരാധന
4:00 PM ദിവ്യബലി , നൊവേന , ആരാധന
5:30 PM- ദിവ്യബലി , നൊവേന , ആരാധന

എല്ലാ മാസാദ്യ വ്യാഴാഴ്ചയും 5:30 ദിവ്യബലിക്ക് ശേഷം വിശുദ്ധൻറെ തിരുസ്വരൂപ പ്രദക്ഷിണം.
എല്ലാ മൂന്നാമത്തെ വ്യാഴാഴ്ചയും 10:45 ദിവ്യബലിക്ക് ശേഷം ദിവ്യകാരുണ്യ പ്രദക്ഷിണം
വ്യാഴായ്ച്ചകളിൽ രാവിലെ മുതൽ നേർച്ചകഞ്ഞി ലഭ്യമാണ്
ഞായറാഴ്ചകളിൽ ദിവ്യബലി രാവിലെ 7.00; 10.00 വൈകിട്ട് 6.00
ഇട ദിവസങ്ങളിൽ രാവിലെ 6 30

ഫാ. റോക്കി കൊല്ലംപറമ്പിൽ
വികാരി

www.malankaralibrary.com



തന്നെയും ദൈവത്തിന്റെതാണ്. നാം ദൈവത്തിന്റെ രൂപം പേറുന്നവർ ആകണം. അത് മറക്കരുത്.

**നമ്മുടെ ഉള്ളിലുള്ള രൂപം**

പാപ്പാ പറയുന്നത് ഈശോ തന്റെ മനുഷ്യാവതാര രഹസ്യങ്ങളിലൂടെ നമ്മെ ഓരോരുത്തരേയും സ്വന്തം തനിമയിലേക്ക് തിരികെ കൊണ്ടു വരുന്നു എന്നാണ്. ലോകത്തിന്റെ നാണയത്തിന്മേൽ സീസറിന്റെ രൂപമാണെങ്കിൽ ദൈവമക്കളായ നമ്മൾ ഓരോരുത്തരും ഉള്ളിൽ സംവഹിക്കേണ്ടത് ദൈവത്തിന്റെ രൂപമാകണം. നമുക്ക് നേരിടാനുള്ള വലിയ വെല്ലുവിളിയാണിത്.

നമുക്ക് സ്വയം ചോദിക്കാം: ഞാൻ ഉള്ളിൽ സംവഹിക്കുന്നത് ഏതു രൂപമാണ്?

നമ്മുടെ ജീവിതത്തിൽ ആരുടെ പ്രതിച്ഛായയാണ്? നാം കർത്താവിന്റെ ആണെന്ന് ചങ്കുറപ്പോടെ നമുക്ക് പറയാനാകുമോ? അതോ ലോകത്തിന്റെ യുക്തിക്ക് അനുസൃതം സ്വയം രൂപപ്പെടാൻ അനുവദിക്കുകയും പണം, തൊഴിൽ, രാഷ്ട്രീയം, തുടങ്ങിയവയെ നമ്മുടെ ആരാധനാമൂർത്തികളാക്കിയുള്ള രൂപമാണോ നമ്മുടേത്?

ഈ പ്രപഞ്ചം ദൈവം നമുക്ക് നൽകിയ ദാനമാണ്. ഇവിടെ നാം ദൈവത്തിന്റെ രൂപം വഹിക്കുന്നവർ ആയി ജീവിക്കാൻ വിളിക്കപ്പെട്ടവർ ആണ്. ഈ ബോധ്യമാണ് നമുക്ക് ക്രിസ്തുവിൽ വളരാനുള്ള എളുപ്പ വഴി. ഇതിന് ഈശോയെ ഉദരത്തിൽ സ്വീകരിച്ച് എപ്പോഴും വചനത്തെ വഹിച്ച പരിശുദ്ധ അമ്മ നമുക്കുള്ള സ്വർഗ്ഗീയ മാതൃകയാണ്. ജീവിതത്തിൽ ദൈവ പുത്രന്റെ പ്രതിച്ഛായയിൽ മാതൃക നൽകിയ അമ്മയെ നമുക്ക് അനുകരിക്കാം. നമ്മുടേയും ഓരോ വ്യക്തിയുടേയും അന്തസ്സ് അംഗീകരിക്കാനും ആദരിക്കാനും പരിശുദ്ധകന്യക നമ്മെ വഴി നടത്തട്ടെ..❍

www.malankaralibrary.com

**കേരളത്തിലെ ആദ്യത്തെ തദ്ദേശീയ സന്ന്യാസിനി സഭയായ**
**തെരേസ്യൻ കർമ്മലീത്ത സന്യാസിനീസഭയുടെ സ്ഥാപക**

# മദർ ഏലീശ്വ സിടിസി ധന്യ പദവിയിലേക്ക്






## പ്രാർത്ഥനാശംസകളോടെ

**ജയ ജോസ് കാനപ്പിള്ളിയും കുടുംബാംഗങ്ങളും**
**കൂനമ്മാവ്**

www.malankaralibrary.com



# ഹൃദയത്തിലെ മൗനാന്തരീക്ഷത്തിൽ മറിയത്തെ തേടണം നാം

***വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയായിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാരപൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ പുതിയ പ്രബോധനപരമ്പര.***

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**

ക്രിസ്തു ജീവിക്കുന്നു – 6



39. "വളരയധികം യുവജനങ്ങളെ സംബന്ധിച്ചിടത്തോളം, ദൈവം, മതം, സഭ എന്നിവ ശൂഷ്ക്കമായ വാക്കുകൾ പോലെ തോന്നാമെങ്കിലും, യേശുക്രിസ്തുവിന്റെ രൂപം ആകർഷണീയവും ഫലപ്രദവുമായ രീതിയിൽ അവതരിപ്പിക്കപ്പെടുമ്പോൾ അതവർക്ക് സചേതനമായി അനുഭവപ്പെടുന്നു." അതിനാൽ, സഭ ക്രമാതീതമായവിധം തന്നിൽത്തന്നെ കുടുങ്ങിക്കിടക്കരുത്, പകരം, എല്ലാറ്റിലുമുപരി യേശുക്രിസ്തുവിനെ പ്രതിബിംബിപ്പിക്കണം. ഇതിനർത്ഥം, ചില കാര്യങ്ങൾ പ്രായോഗികമായവിധം വ്യതിയാനവിധേയമാകണമെന്ന് വിനയത്തോടുകൂടി ഏറ്റുപറയണം; അതു സംഭവിക്കണമെങ്കിൽ സഭ ഈ കാഴ്ചപ്പാട് മാത്രമല്ല, യുവജനങ്ങളുടെ വിമർശനങ്ങളെയും വിലമതിക്കണം.

40. 'ഒരു നല്ല സംഖ്യ യുവജനങ്ങൾ, പല കാരണങ്ങളാൽ, സഭയോട് യാതൊന്നും തന്നെ ചോദിക്കുന്നില്ല, കാരണം സഭ തങ്ങളുടെ ജീവിതങ്ങൾക്കു പ്രസക്തമാണെന്ന് അവർകാണുന്നില്ല" എന്ന് സിനഡ് തിരിച്ചറിഞ്ഞു. "ചില യുവാക്കൾ ശല്യപ്പെടുത്തരുതെന്ന് പ്രത്യക്ഷമായിത്തന്നെ ആവശ്യപ്പെടുന്നു; അവർ സഭയുടെ സാന്നിധ്യം ഒരു ശല്യ

www.malankaralibrary.com



മായോ, പ്രകോപനമായോ കാണുന്നു. ഈ അഭ്യർത്ഥന പലപ്പോഴും വിമർശനരാഹിത്യത്തിൽ നിന്നോ പെട്ടെന്നുണ്ടാകുന്ന അപമാനത്തിൽ നിന്നോ ഉളവാകുന്നതല്ല. അതിന് ഗൗരവതരവും, ഗ്രാഹ്യവുമായ കാരണങ്ങളുണ്ടാകാം; ലൈംഗികപരവും ധനസംബന്ധവുമായ ഇടർച്ചകൾ, യുവജനങ്ങളുടെ കാര്യങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ഒരുങ്ങിയിട്ടില്ലാത്ത വൈദികഗണം, സുവിശേഷപ്രസംഗത്തിന് ഒരുങ്ങുന്നതിലും ഫലപ്രദമായി അവതരിപ്പിക്കുന്നതിലുമുള്ള വീഴ്ചകൾ, ക്രിസ്ത്യൻ സമൂഹങ്ങളിൽ യുവജനങ്ങൾക്കു നൽകപ്പെടുന്ന അപ്രസക്ത ചുമതലകൾ, സഭയുടെ വിശ്വാസസത്യങ്ങളെയും, ധാർമ്മിക നിലപാടുകളെയും സമകാലീനസമൂഹത്തിന് വിശദീകരിക്കുന്നതിന് സഭയ്ക്കുള്ള പ്രയാസം മുതലായ കാരണങ്ങൾ."

41. അനേകം യുവജനങ്ങൾ, എളിമയുള്ള ഒരു സഭയെ കാണുന്നതിൽ സന്തോഷിക്കുന്നവരും, അവളുടെ വരദാനങ്ങളിൽ പ്രത്യാശയർപ്പിക്കുന്നവരും, നല്ലതും, സാഹോദര്യമാർന്നതുമായ, വിമർശനത്തിനു പ്രാപ്തരുമാണ്. മറ്റു ചിലർ, ലോകത്തെ തള്ളിപ്പറയുന്നതിനെക്കാൾ തങ്ങളെ കൂടുതൽ ശ്രവിക്കുന്ന ഒരു സഭയെ ആഗ്രഹിക്കുന്നു. മൗനം അവലംബിക്കുന്നതും, തുറന്നുപറയാൻ ഭയപ്പെടുന്നതുമായ ഒരു സഭയെ കാണാൻ അവർ ആഗ്രഹിക്കുന്നില്ല. ഇരുകൂട്ടരും, രണ്ടോ മൂന്നോ കാര്യങ്ങളെക്കുറിച്ച് കടുംപിടിത്തത്തോടെ പോരാടുന്നില്ല. യുവജനങ്ങളുടെ വിശ്വാസ്യതയാർജ്ജിക്കാൻ, അവൾ അവളുടെ വിനയം വീണ്ടെടുക്കണം. സുവിശേഷം കൂടുതൽ നന്നായി ഗ്രഹിക്കുന്നതിന് സഹായകമാംവിധം അല്പമെങ്കിലും വെളിച്ചം വീശാൻ മറ്റുള്ളവരുടെ വാക്കുകൾക്കു സാധിക്കുമെന്നു ഗ്രഹിക്കണം. എപ്പോഴും പ്രതിരോധത്തിലായിരിക്കുന്ന സഭ തന്റെ എളിമ നഷ്ടമാക്കിയും, ശ്രവണം നിർത്തലാക്കിയും ചോദ്യങ്ങൾക്കുള്ള അവസരം ഒഴിവാക്കിയും തന്റെ യൗവ്വനം കളഞ്ഞുകുളിച്ച് ഒരു പ്രദർശനശാലയായി മാറാനിടയുണ്ട്. അപ്പോൾ എങ്ങനെ യുവജനങ്ങളുടെ സ്വപ്നങ്ങൾക്ക് അവൾ പ്രത്യുത്തരം നൽകും? സുവിശേഷത്തിന്റെ സത്യം അവൾക്ക് കൈമുതലായിട്ടുണ്ടെങ്കിലും അത് അവൾ മുഴുവനായി ഗ്രഹിച്ചിട്ടുണ്ടെന്ന് അർത്ഥമില്ല. മറിച്ച്, ആ അക്ഷയമായ നിക്ഷേപത്തെക്കുറിച്ചുള്ള ആഴമായ അറിവിൽ വളർന്നുകൊണ്ടിരിക്കാൻ അവൾ വിളിക്കപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

– 42. ഉദാഹരണത്തിന്, അമിതമായി ഭയപ്പെട്ടിരിക്കുന്നതും, അതിന്റെ സംവിധാനസംഘടനകളിൽ കുടുങ്ങിക്കിടക്കുന്നതുമായ ഒരു സഭയ്ക്ക്, സ്ത്രീകളുടെ അവകാശങ്ങളെ സംരക്ഷിക്കാനുള്ള ഉദ്യമങ്ങളെ സ്ഥിരമായി വിമർശിച്ചും, അവയിൽ ഉള്ള അപകടങ്ങളെയും, ആ ആവശ്യങ്ങളിലുള്ള അബദ്ധങ്ങളെയും നിരന്തരം ചൂണ്ടിക്കാണിച്ചും എപ്പോഴും ആയിരിക്കാനാവും. അതിനുപകരം, സജീവമായ ഒരു സഭയ്ക്ക്, കൂടുതൽ നീതിയും തുല്യതയും തേടുന്ന സ്ത്രീജനങ്ങളുടെ ന്യായമായ അവകാശവാദങ്ങളോട് ശ്രദ്ധ ചെലുത്തിക്കൊണ്ട്, പ്രതികരിക്കാനാകും. സജീവമായ ഒരു സഭയ്ക്ക് ചരിത്രത്തിലേക്കു തിരിഞ്ഞുനോക്കാനും, പുരുഷമേധാവിത്വത്തിന്റെയും ആധിപത്യത്തിന്റെയും, വിവിധ രൂപങ്ങളിലുള്ള അടിമത്തത്തിന്റെയും ദുരുപയോഗത്തിന്റെയും ലൈംഗികപീഡനത്തിന്റെയും സന്ദർഭങ്ങളെ അംഗീകരിക്കാനും സാധിക്കും. ഈ ഒരു വീക്ഷണത്തോടുകൂടി സ്ത്രീകളുടെ അവകാശങ്ങളെ മാനിക്കാനുള്ള ആഹ്വാനത്തെ പിന്താങ്ങുന്നതിനും സ്ത്രീപുരുഷന്മാർക്കിടയിലെ കൂടുതലായ പരസ്പരപൂരകസമ്പർക്കത്തിന് സുചിന്തിതമായ പിന്തുണയേകുന്നതിനും അവൾക്കു കഴിയും. എന്നാൽ ചില സ്ത്രീപക്ഷഗ്രൂപ്പുകൾ നിർദ്ദേശിക്കുന്ന എല്ലാറ്റിനോടുമുള്ള യോജിപ്പല്ല ഇത്. ഈ ചിന്താഗതിയിൽ, എല്ലാത്തരം വിവേചനത്തിനും, ലൈംഗിക അതിക്രമങ്ങൾക്കുമെതിരായി" സഭയ്ക്കുള്ള പ്രതിബദ്ധത നവീകരിക്കാൻ സിനഡ് അവസരമായി. ചെറുപ്പമായിരിക്കുന്നതും, യുവജനങ്ങളുടെ മൃദുലവികാരങ്ങ ളാൽ ഉത്തേജിതവുമായ ഒരു സഭയുടെ പ്രതികരണമാണിത്.

### മറിയം, നസറത്തിലെ യുവതി

43. സഭയുടെ ഹൃദയത്തിൽ മറിയം തിളങ്ങി നിലകൊള്ളുന്നു. ഉണർവോടും ശിക്ഷണക്ഷമതയോടുംകൂടി ക്രിസ്തുവിനെ പിഞ്ചെല്ലാൻ സന്നദ്ധമായ യുവചൈതന്യമുള്ള സഭയുടെ പരമമായമാതൃകയാണവൾ. വളരെ ചെറുപ്പമായിരിക്കെതന്നെ, അവൾ ദൈവദൂതന്റെ സന്ദേശം സ്വീകരിച്ചുവെങ്കിലും ചോദ്യങ്ങൾ ഉന്നയിക്കാൻ ഭയപ്പെട്ടില്ല cf. ലൂക്കാ 1:34). ഹൃദയത്തിന്റെയും ആത്മാവിന്റെയും തുറവോടുകൂടി അവൾ പ്രത്യുത്തരിച്ചു: "ഇതാ, ഞാൻ കർത്താവിന്റെ ദാസി"' (ലൂക്കാ 1:38 )

44, "മാലാഖയോട് മറിയം പറഞ്ഞ "അതു നിറവേറട്ടെ"" എന്ന് സമ്മതവാക്കിന്റെ ശക്തി എപ്പോഴും നമ്മെ അമ്പരപ്പിക്കുന്നു. ഇത് വെറും നിഷ്ക്രിയവും വിധേയത്വപൂർണവുമായ ഏറ്റെടു ക്കൽ അല്ല; അതുമല്ലെങ്കിൽ, "കൊള്ളാം, ഒന്നു പരീക്ഷിച്ചു നോക്കിക്കളയാം, എന്താണ് സംഭവിക്കുന്നതെന്നറിയാമല്ലോ" എന്ന ഒരു നിസംഗതാഭാവവുമല്ല ' എന്താണ് സംഭവിക്കുന്നതെന്ന് നമുക്ക് നോക്കാംഎന്ന വാക്കുകൾ മറിയത്തിനജ്ഞാതമാണ്. ഉറച്ച തീരുമാനമെടുത്തവളാണ്; പരിണതഫലമെന്തന്നറിഞ്ഞുതന്നെ, രണ്ടാമതൊന്നു ചിന്തിക്കാതെ മറിയം സമ്മതം മൂളി. ഉത്തരവാദിത്തം ഏറ്റെടുക്കാൻ ശരിയ്ക്കൊരുങ്ങിയ ഒരാളുടെ, വരും വരായ്കകൾ മുന്നിൽ കണ്ട് സാഹസികതയ്ക്ക് തുനിയുന്ന ഒരാളുടെ സമ്മതമായിരുന്നു അവളുടേത്. താൻ ഒരു വാഗ്ദാനത്തിന്റെ സ്വീകർത്താവാണെന്ന തീർച്ച ഒഴികെ മറ്റു യാതൊരുറപ്പും അവൾക്കില്ലായിരുന്നു. അതുകൊണ്ട് ഞാൻ നിങ്ങളോരോരുത്തരോടും ചോദിക്കുന്നു: ഒരു വാഗ്ദാനം സ്വീകരിച്ചവരാണ് നിങ്ങൾ എന്ന് നിങ്ങളെത്തന്നെ കാണുന്നുണ്ടോ? എന്റെ ഹൃദയത്തിൽ എന്തു വാഗ്ദാനമാണ് ഉയർത്തിക്കാട്ടാനുള്ളത്? മറിയത്തിന്റെ ദൗത്യം സംശയമെന്യേ വളരെ പ്രയാസമേറിയതാണ്. പക്ഷേ, മുന്നിലുള്ള വെല്ലുവിളിക ളൊന്നും "ഇല്ല" എന്നു പറയാൻ കാരണമായില്ല. തീർച്ചയായും, കാര്യങ്ങൾ പ്രശ്നസങ്കീർണ്ണമാണ്. ഭീരുത്വം നമ്മെ തളർത്തുന്ന സന്ദർഭത്തിലെന്ന പോലെയല്ല; വസ്തുതകൾ വ്യക്തമല്ലാത്തതു കൊണ്ടും കാര്യങ്ങൾ

www.malankaralibrary.com

മുൻകൂട്ടി തീർച്ചപ്പെടുത്താനാവാത്തതുകൊണ്ടും ആണത്. മറിയം യാതൊരു ഇൻഷു റൻസ് പോളിസിയും എടുത്തില്ല. അവൾ അപകടസാദ്ധ്യത അറിഞ്ഞുകൊണ്ടുതന്നെ മുന്നിട്ടിറങ്ങി. അതിനാൽ അവൾ ശക്തയാണ്; അവൾ "സ്വാധീനം ചെലുത്തുന്ന'വളാണ്– ദൈവത്തിന്റെ "സ്വാധീനമുള്ളവൾ.' അവളുടെ "ഉവ്വ്" എന്ന മറുപടിയും, സേവനതീക്ഷ്ണതയും എല്ലാത്തരം സംശ യങ്ങളെക്കാളും പ്രയാസങ്ങളെക്കാളും കൂടുതൽ ശക്തമാണ്.


45. ഒഴിഞ്ഞുമാറലുകൾക്കും, വ്യാമോഹങ്ങൾക്കും അടിപ്പെടാതെ, "അവൾ തന്റെ പുത്രന്റെ സഹനങ്ങളെ അനുയാത്ര ചെയ്ത് തന്റെ ദയാകടാക്ഷത്താൽ സഹായിക്കുകയും, തന്റെ ഹൃദയത്താൽ സംരക്ഷിക്കുകയും ചെയ്തു." അവിടുത്തെ സഹനങ്ങളിൽ അവൾ പങ്കുപറ്റി, എന്നിട്ടും അവൾ അതുകൊണ്ട് തളർന്നുപോയില്ല. സഹായിക്കുകയും, അനുയാത്ര ചെയ്യുകയും, സംരക്ഷിക്കുകയും, ആലിംഗനം ചെയ്യുകയും ചെയ്യുന്നതിന് തന്റെ "ഉവ്വ്" എന്ന് സമ്മതം നൽകിയ ശക്തയായ സ്ത്രീയാണവൾ. അവൾ പ്രത്യാശയുടെ മഹത്കാവൽക്കാരിയാണ്. മടുപ്പു തോന്നാതെ, വീണ്ടും ആരംഭിക്കാൻ ഉള്ള സന്നദ്ധതയോടെ ഉറച്ച സഹനശീലത്തിനും സർഗാത്മകതയ്ക്കും സമ്മതം നൽകുന്നതെങ്ങനെയെന്ന് അവളിൽ നിന്നുമാണ് നാം പഠിക്കുന്നത്.

46.ആനന്ദം നിറഞ്ഞുതുളുമ്പുന്ന ഹൃദയവും (cf. ലൂക്കാ 1:47), പരിശുദ്ധാത്മാവിന്റെ വെളിച്ചം പ്രതിബിംബിക്കുന്നതിനാൽ, വിശ്വാസത്തോടുകൂടി ജീവിതത്തെ വീക്ഷിക്കുന്ന നയനങ്ങളും, എല്ലാം സംഗ്രഹിക്കുന്ന ഒരു ഹൃദയവും ഉള്ള (cf. ലൂക്കാ 2:19–51) യുവതിയായ സ്ത്രീയായിരുന്നു മറിയം. അവൾ നല്ല ഊർജ്ജസ്വലയായിരുന്നു; തന്റെ ചാർച്ചക്കാരിക്ക് തന്റെ സാന്നിധ്യം ആവശ്യമുണ്ടെന്നറിഞ്ഞയുടൻ അതിനായി പുറപ്പെടാൻ അവൾ സന്നദ്ധയായിരുന്നു. തന്റെ തന്നെ പദ്ധതികളെക്കുറിച്ച് ചിന്തിക്കാതെ മലമ്പ്രദേശത്തേക്ക് തിടുക്കത്തിൽ അവൾ പോയി" (ലൂക്കാ 1:39).

47,തന്റെ കൊച്ചുമകന് സംരക്ഷണമാവശ്യമായി വന്നപ്പോൾ, മറിയം, ജോസഫിനോടുകൂടി ദൂരദേശത്തേക്കു യാത്ര പുറപ്പെട്ടു (cf. മത്താ. 2:13–14 ). പരിശുദ്ധാത്മാവിന്റെ വരവിന് കാത്തിരിക്കാൻ ശിഷ്യന്മാരോടുകൂടി അവളും ചേർന്നു (cf. അപ്പ. 1: 14 ). അപ്പോസ്തലന്മാർ ഒരു പുത്തൻ ലോകത്തിന് ജന്മം നൽകാൻ പുറപ്പെട്ടതോടുകൂടി (cf. അപ്പ. 2:4–11) അവളുടെ സാന്നിധ്യത്തിൽ ഒരു യുവസഭ ജനിച്ചു.

48. നമ്മുടെ ജീവിതയാത്രയിൽ, പലപ്പോഴും അവശരും, ആവശ്യത്തിലായിരിക്കുന്നവരും, പ്രത്യാശയുടെ വെളിച്ചം ഒരിക്കലും മങ്ങിപ്പോകാതിരിക്കാൻ വ്യഗ്രചിത്തരുമായ നമ്മളെ , തന്റെ മക്കളെ, ഇന്നും കാത്തു സംരക്ഷിക്കുന്ന അമ്മയാണ്മറിയം, കാരണം, അതാണ് നമ്മുടെ ആഗ്രഹം, (പ്രത്യാശയുടെ വെളിച്ചം ഒരിക്കലും നഷ്ടമാകരുത്, എന്നത്. നമ്മുടെ അമ്മ, മറിയം ഈ തീർത്ഥാടകജനത്തെ വീക്ഷിക്കുന്നു: താൻ സ്നേഹിക്കുന്നവരും, യാത്രയ്ക്കിടയിലെ എല്ലാത്തരം ശബ്ദകോലാഹലങ്ങളുടെയും, സംസാരത്തിന്റെയും, ശ്രദ്ധാ ശൈഥില്യത്തിന്റെയുമിടയിൽ ഹൃദയത്തിലെ മൗനാന്തരീക്ഷത്തിൽ അവളെ തേടുന്നവരുമായ യുവത്വമുള്ള ഒരു ജനതയെ. നമ്മുടെ അമ്മയുടെ കടാക്ഷത്തിൻകീഴിൽ പ്രത്യാശയുടെ മൗനത്തിനു മാത്രമേ സ്ഥാനമുള്ളൂ. ഇപ്രകാരം മറിയം നമ്മുടെ യൗവ്വനത്തെ പ്രശോഭിതമാക്കുന്നു. ❍

www.malankaralibrary.com



www.malankaralibrary.com




# ഹൈരാർക്കി സ്ഥാപന ശതാബ്ദി ആഘോഷം: സമാപനം നവംബർ 30 മുതൽ

**ഫാ. ജോസ് ഇടശേരി**
(ജനറൽ കൺവീനർ , ശതാബ്ദി ആഘോഷ കമ്മിറ്റി )



എറണാകുളം അങ്കമാലി അതിരൂപതയുടെയും സീറോ മലബാർ ഹൈരാർക്കിയുടെയും സ്ഥാപനത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ സമാപനം നവംബർ 30 മുതൽ ഡിസംബർ 10 വരെ വിവിധ പരിപാടികളോടെ നടത്തുന്നു. നവംബർ 30 വ്യാഴാഴ്ച പൂർവികരുടെ സ്മരണയ്ക്ക് വേണ്ടിയുള്ള ദിവ്യബലി എല്ലാ പള്ളികളിലും അർപ്പിക്കപ്പെടുന്നു. കിടങ്ങൂർ പള്ളിയിൽ പ്രത്യേക ശുശ്രൂഷ അന്നുണ്ടായിരിക്കും. ഡിസംബർ 1 വെള്ളി ആരാധനാ ദിനമായി ആചരിക്കും. പറവൂർ കോട്ടക്കാവ് പള്ളിയിൽ പ്രത്യേക ശുശ്രൂഷ ഉണ്ടായിരിക്കും.

ഡിസംബർ 2 ശനിയാഴ്ച തൃക്കാക്കര ഭാരതമാതാ കോളേജിൽ സത്യദീപം വാരികയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ശതാബ്ദി ക്വിസ്, കലൂർ റിന്യൂവൽ സെൻററിൽ സഹൃദയ സംഘടിപ്പിക്കുന്ന ഭിന്നശേഷി ദിനാചരണം എന്നിവ ഉണ്ടായിരിക്കും. ഡിസംബർ 3 ഞായറാഴ്ച സോണൽ യുവജന കൺവെൻഷനുകൾ കാഞ്ഞൂർ , കളമശ്ശേരി, മുട്ടം ഫൊറോന പള്ളികളിൽ നടത്തുന്നു. കെസിവൈഎം , സി എൽ സി , സി എം എൽ എന്നീ സംഘടനകളുടെ നേതൃത്വത്തിലായിരിക്കുമിത്. ഡിസംബർ നാലിന് കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസിയുടെ ആഭിമുഖ്യത്തിൽ കലൂർ റിന്യൂവൽ സെൻററിൽ അധ്യാപക സംഗമം നടത്തുന്നു. ഡിസംബർ 5 ചൊവ്വാഴ്ച മേഖല വൈദിക – സന്യസ്ത സംഗമങ്ങൾ നടക്കും. ഡിസംബർ 6 ബുധനാഴ്ച ഉദയംപേരൂർ സൂനഹദോസ് പള്ളിയിൽ സുബോധനയുടെ ആഭിമുഖ്യത്തിൽ ചരിത്ര സെമിനാർ നടത്തുന്നു. ഡിസംബർ 7 ന്

www.malankaralibrary.com



ഓർമ്മ / ആദരം

# നിറപുഞ്ചിരിയോടെ ഒരു സമർപ്പിത ദൈവസന്നിധിയിൽ

നിറ പുഞ്ചിരിയുടെ ഇനിയുള്ള സാന്നിധ്യം ദൈവസന്നിധിയിൽ. സിസ്റ്റർ ജെനറ്റ് എഫ്.സി.സി. നമ്മെ വിട്ടുപിരിഞ്ഞുവെങ്കിലും പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ എന്ന പി.ഒ.സി.യുടെ ഗേറ്റ് കടക്കുമ്പോൾ, എന്നും എന്റെ മനസ്സിൽ തെളിയുന്ന മുഖം എല്ലാവരും സ്നേഹപൂർവം ജെനാറ്റമ്മ എന്നു വിളിച്ചിരുന്ന ക്ലാരിസ്റ്റ് സഭയിലെ ഈ സന്യാസിനിയുടേതാണ്.

ബർസാറിന്റെ കസേര വിട്ട് സമയം കിട്ടുമ്പോഴെല്ലാം ജെനറ്റാമ്മ പറമ്പിലേക്ക് ഇറങ്ങും. പച്ചക്കറികളും വാഴയും പ്ലാവും മാവുമെല്ലാം തിങ്ങിനിന്നിരുന്ന പഴയ പി.ഒ.സി.യുടെ വളപ്പിൽ പ്രകൃതിയോടൊപ്പമുള്ള സിസ്റ്ററിന്റെ 'കാർഷിക ശുശ്രൂഷ' എല്ലാവരെയും ആകർഷിച്ചിരുന്നു. പിഒസി വളപ്പിൽ നട്ടുനനച്ചുണ്ടാക്കിയ പച്ചക്കറികൾ കൃത്യമായി സ്റ്റാഫംഗങ്ങളായ അൽമായ സഹോദരങ്ങൾക്ക് ഓണത്തിനും ക്രിസ്മസിനും വീതിച്ച് കിറ്റുകളാക്കി നൽകിയിരുന്ന കാര്യം ഞാൻ ഓർമ്മിക്കുന്നു. കാൻസർ രോഗമാണെന്നറിഞ്ഞപ്പോൾ, പണം ചെലവഴിച്ച് ചികിത്സ വേണ്ടെന്ന് സിസ്റ്റർ കർശനമായ നിലപാടെടുത്തത് അധികൃതരെ അമ്പരപ്പിച്ചു. ശ്രീമൂല നഗരത്തുള്ള എഫ്.സി.സി. സന്യാസിനീ സഭയുടെ ഓൾഡ് ഏജ്ഹോമും മഠവും സ്ഥിതി ചെയ്യുന്ന സസ്യശ്യാമളമായ ഭൂമിയിലാണ് ജെനറ്റാമ്മ അന്ത്യവിശ്രമം കൊള്ളുന്നത്. പി.ഒ.സി.യിലെ ജെനറ്റാമ്മയോടൊപ്പമുള്ള ജീവിതകാലഘട്ടം, എന്റെ സ്മരണകളിലുണ്ട്. നിറചിരിയോടെ ദൈവസന്നിധിയിലേക്ക് കടന്നു ചെന്ന ജെനറ്റാമ്മ ഇനി മുതൽ നമുക്കുവേണ്ടി പ്രാർത്ഥിക്കും.



**സി. മേരിക്കുട്ടി ജോസഫ്** OMMI

കാലടി ജീവാലയയുടെയും ഫാമിലി അപ്പസ്തോലേറ്റിന്റെയും ആഭിമുഖ്യത്തിൽ കുടുംബപ്രേഷിത കൂട്ടായ്മ നടത്തുന്നു. ഡിസംബർ 8 വെള്ളിയാഴ്ച കലൂർ റിന്യൂവൽ സെൻററിൽ വിമൻ വെൽഫെയർ സർവീസസിന്റെ നേതൃത്വത്തിൽ വനിതാ സംഗമം, ഡിസംബർ 9 ശനിയാഴ്ച 16 ഫൊറോനകളിൽ മതബോധന വിഭാഗത്തിന്റെയും തിരുബാലസഖ്യത്തിന്റെയും ആഭിമുഖ്യത്തിൽ ബാലികാബാലന്മാരുടെ കൂട്ടായ്മ എന്നിവയാണ് മറ്റു പരിപാടികൾ.

ഡിസംബർ 10 ഞായറാഴ്ച തൃക്കാക്കര ഭാരതമാതാ കോളേജിലെ മാർ അഗസ്റ്റിൻ കണ്ടത്തിൽ നഗറിൽ ശതാബ്ദിയുടെ സമാപന ആഘോഷങ്ങൾ അരങ്ങേറും. പൊതുയോഗത്തിന് മുമ്പായി കോക്കമംഗലം, പറവൂർ കോട്ടക്കാവ്, പള്ളിപ്പുറം, മലയാറ്റൂർ, അങ്കമാലി, ചെമ്പ്, എറണാകുളം ബസിലിക്ക എന്നിവിടങ്ങളിൽ നിന്നുള്ള ശതാബ്ദി പ്രയാണങ്ങൾ വൈകിട്ട് മൂന്നരയോടെ മാർ കണ്ടത്തിൽ നഗറിൽ എത്തിച്ചേരുന്നു. തുടർന്ന് സമാപന പൊതുസമ്മേളനം. ❍

www.malankaralibrary.com



വാർത്തയും ചിന്തയും

# ജനങ്ങൾക്ക് നീതി നിഷേധിക്കപ്പെടുമ്പോൾ...

**വാർത്ത**

**ആന്റണി ചടയംമുറി**

കേരളത്തിൽ നീതി നിർവഹണം നിഷ്പക്ഷമായി നടപ്പാക്കുന്നതിന് ആരാണ് തടസ്സം? മിക്ക ഉദ്യോഗസ്ഥരും ജനങ്ങൾക്ക് ഗുണം ലഭിക്കാവുന്ന നിയമങ്ങൾ നടപ്പാക്കുന്നതിൽ അനാസ്ഥ കാണിക്കുന്നു. ജനനന്മയ്ക്ക് ഉതകുന്ന തീരുമാനങ്ങൾ ഓരോ കാരണം പറഞ്ഞ് നീട്ടിവയ്ക്കുകയാണ് പലപ്പോഴും ചെയ്തുവരുന്നത്.

പൊലീസ് സ്റ്റേഷനുകൾ, ബാങ്കുകൾ, സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിലെല്ലാം കയറിച്ചെല്ലുന്ന ജനങ്ങളോട് തികഞ്ഞ അവഗണനയുണ്ടാകുമ്പോൾ, അത്തരം ജനദ്രോഹ നീക്കങ്ങളെ ചെറുക്കാൻ ഭരിക്കുന്നവർക്ക് കഴിയുന്നില്ല.

70,000 കോടി രൂപയുടെ നിക്ഷേപമുള്ള സഹകരണ മേഖലയുടെ ഇപ്പോഴത്തെ അവസ്ഥ ഏറെ ദയനീയമാണ്. മുൻ മന്ത്രി ജി. സുധാകരൻ സഹകരണ മേഖലയിൽ ആദ്യമായി നടപ്പാക്കിയ വിജിലൻസ് സംവിധാനത്തിന് എന്തുപറ്റി ? ഏതൊരു സഹകരണ സംരംഭത്തെയും വരച്ച വരയിൽ നിർത്താൻ സഹകരണ വകുപ്പിലെ രജിസ്ട്രാർക്ക് അധികാരമുണ്ടെന്നിരിക്കേ, ആ ഉദ്യോഗസ്ഥൻ ഇത്രയും കാലം എന്തു ചെയ്യുകയായിരുന്നു ? പ്രാദേശിക പാർട്ടി യൂണിറ്റുകളെ പാർട്ടി ഫണ്ടിലേക്ക് കോടികൾ പിരിച്ചു നൽകാൻ കയറൂരി വിട്ട ഏ.കെ.ജി. സെന്ററിലേയും മുഖ്യമന്ത്രിയുടെ ഓഫീസിലെയും ചില നേതാക്കളും ഉദ്യോഗസ്ഥരും ജനങ്ങൾക്ക് ലഭ്യമാക്കേണ്ട നീതി അട്ടിമറിക്കുന്നുണ്ടോ? യഥാർത്ഥ ജനകീയ പ്രശ്നങ്ങൾക്കു പകരം ചില 'പുകമറകൾ' സൃഷ്ടിക്കുന്ന ഇവന്റ് മാനേജ്മെന്റാണോ ഇപ്പോൾ നടക്കുന്നത് ? നീതി നിഷേധിക്കപ്പെടുന്നവരുടെ കൂടിവരവിൽ കുരിശേന്തി മുമ്പിൽ നടക്കേണ്ടവരാണ് ക്രൈസ്തവർ. അത് മറക്കാനാവില്ലല്ലോ നമുക്ക്.

**ചിന്ത**

ജീവിത ലാളിത്യം, അഗാധമായ വിശ്വാസം, എല്ലാവരോടും പ്രത്യേകിച്ച് ദരിദ്രരോടും പുറന്തള്ളപ്പെട്ടവരോടുമുള്ള കാപട്യമില്ലാത്ത സ്നേഹം എന്നിവ സുവിശേഷം പ്രാവർത്തികമാക്കുന്നതിന്റെ പ്രഭാപൂർണ്ണമായ അടയാളങ്ങളാണ്.

**വിശുദ്ധ ജോൺപോൾ II (ഏഷ്യയിലെ സഭ– പേജ് 87)**

www.malankaralibrary.com

MAJOR ARCHEPARCHY OF ERNAKULAM-ANGAMALY

**എറണാകുളം - അങ്കമാലി**
**മേജർ അതിരൂപത**

സീറോ മലബാർ
സഭയുടെ
ആസ്ഥാനമാക്കി
എറണാകുളത്തെ
ഉയർത്തിയതിന്റെ
100
ശതാബ്ദി
1923-2023

## എറണാകുളം അതിരൂപതയുടെയും സീറോ മലബാർ ഹയരാർക്കിയുടെയും

# സ്ഥാപന ശതാബ്ദി സമാപനം (1923-2023)

**2023 നവംബർ 30 മുതൽ ഡിസംബർ 10 വരെ**

## പരിപാടികൾ

നവംബർ 30 വ്യാഴം:

**പൂർവിക സ്മരണാർത്ഥം വി. കുർബാന എല്ലാ പള്ളികളിലും**

(കിടങ്ങൂർ പള്ളിയിൽ പ്രത്യേക ശുശ്രൂഷ)

ഡിസംബർ 1 വെള്ളി:

**ആരാധനാ ദിനം**

(പറവൂർ കോട്ടക്കാവ് പള്ളിയിൽ പ്രത്യേക ശുശ്രൂഷ)

ഡിസംബർ 2 ശനി:

**ശതാബ്ദി ക്വിസ്**

(ഭാരത മാതാ കോളേജ്, തൃക്കാക്കര.
സംഘാടകർ: സത്യദീപം)

**ഭിന്നശേഷി ദിനാചരണം**

(റിന്യൂവൽ സെന്റർ, കലൂർ. സംഘാടകർ: സഹൃദയ)

ഡിസംബർ 3 ഞായർ:

**സോണൽ യുവജന കൺവെൻഷൻ**

(കാഞ്ഞൂർ ഫൊറോന, കളമശ്ശേരി & മുട്ടം ഫൊറോന പള്ളികളിൽ. സംഘാടകർ: KCYM, CLC, CML)

ഡിസംബർ 4 തിങ്കൾ:

**അധ്യാപക സംഗമം**

(റിന്യൂവൽ സെന്റർ, കലൂർ.
സംഘാടകർ: കോർപറേറ്റ് എഡ്യു. ഏജൻസി)

ഡിസംബർ 5 ചൊവ്വ:

**മേഖലാ വൈദിക - സന്യസ്ത സംഗമം**

ഡിസംബർ 6 ബുധൻ:

**ചരിത്ര സെമിനാർ**

(ഉദയംപേരൂർ പള്ളിയിൽ, സംഘാടകർ: സുബോധന)

ഡിസംബർ 7 വ്യാഴം:

**കുടുംബ പ്രേഷിത കൂട്ടായ്മ**

(ജീവാലയ, കാലടി. സംഘാടകർ: ഫാമിലി അപ്പോസ്തലേറ്റ്)

ഡിസംബർ 8 വെള്ളി

**വനിതാ സംഗമം**

(റിന്യൂവൽ സെന്റർ, കലൂർ.
സംഘാടകർ: വിമൻ വെൽഫെയർ സർവീസസ്)

ഡിസംബർ 9 ശനി

**ബാലികാ ബാലന്മാരുടെ കൂട്ടായ്മ**

(17 ഫൊറോനകളിൽ.
സംഘാടകർ: മതബോധന വിഭാഗം & തിരുബാല സഖ്യം)

ഡിസംബർ 10 ഞായർ

**ശതാബ്ദി സമാപന ആഘോഷങ്ങൾ**

(മാർ അഗസ്റ്റിൻ കണ്ടത്തിൽ നഗർ,
ഭാരത മാതാ കോളേജ്, തൃക്കാക്കര)

*സ്നേഹത്തിൻ ജ്വാലയിൽ സത്യത്തിൻ സാക്ഷ്യമായ്..*

www.malankaralibrary.com

**VATHICAN THARANGAM**
RN 55178/94
Total Pages 44 Date of Publication 31-10-2023




നോവലിസ്റ്റ് , നാടകകൃത്ത് , ബാല സാഹിത്യകാരൻ , കവി, ഗാനരചയിതാവ് എന്നിങ്ങനെ സാഹിത്യ രംഗത്ത് തനതായ വ്യക്തി മുദ്ര പതിപ്പിച്ച കെ സി ജെയിംസ് മണിമലയുടെ നോവൽ അമ്പതാം ചരമ വാർഷിക ദിനത്തിൽ പ്രസിദ്ധീകരിച്ചു !




**കെ സി ജെയിംസ് മണിമല രചിച്ച 'മണിമലയാറ്'**

എന്ന നോവൽ , അദ്ദേഹത്തിന്റെ 50ാം ചരമ വാർഷിക ദിനത്തിൽ 2023 നവംമ്പർ 2 ന് ചങ്ങനാശേരി മെത്രപൊലീത്ത മാർ ജോസഫ് പെരുന്തോട്ടം പ്രകാശനം ചെയ്തപ്പോൾ. അഡ്വ. ജോബ് മൈക്കിൾ എം എൽ എ , ഡോ. കുര്യാസ് കുമ്പളക്കുഴി , (ഇടത്ത് ) ഫാ. മാത്യു താന്നിയത്ത്, (വികാരി ഹോളി മാഗി ചർച്ച് മണിമല ) എന്നിവർ സമീപം.

**കോപ്പികൾ P O C ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.**

Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C. Vennala P.O. , Kochi - 682028 and published at Vatican Radio Office, P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.